
KNANAYADEEPAM
SINCE 1989

# ക്നാനായ ദീപം

Vol: 32 / Issue: 9 September 2021 ₹ :15/-



## പുണ്യശ്ലോകനായ കൂബർ നീത്തി ഹാക്കീമോ ഏബ്രഹാം മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ 19-ാം ശ്രാദ്ധപ്പെരുന്നാൾ

# 40-ാം ചരമദിനം
## 22-09-2021



# REV. FR. JAISON SCARIA
## ELAVANKALAM
## THURUTHY

"ആചാര്യേശാ മശിഹാ കുദാശകളർപ്പിച്ച
ശ്രേഷ്ഠാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

ഞങ്ങളുടെ പ്രിയ അച്ചന്റെ വേർപാടിൽ പ്രാർത്ഥിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. പ്രത്യേകമായി ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ അഭിവന്ദ്യ തിരുമേനിമാരായ കുറിയാക്കോസ് മോർ സേവേറിയോസ്, കുറിയാക്കോസ് മോർ ഗ്രിഗോറിയോസ്, കുറിയാക്കോസ് മോർ ഈവാനിയോസ് എന്നിവരോടൊപ്പം ഞങ്ങളെ ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത അഭിവന്ദ്യ ആയൂബ് മോർ സിൽവാനോസ് തിരുമേനിയോടും, ശുശ്രൂഷകളിൽ പങ്കെടുത്ത വന്ദ്യ മിഖായേൽ റമ്പാച്ചൻ, വന്ദ്യ കോർഎപ്പിസ്കോപ്പാമാർ, ബഹു. വൈദികർ, ബഹു. ശെമ്മാശന്മാർ, ബഹു. സിസ്റ്റേഴ്സ്, വൈദിക വിദ്യാർത്ഥികൾ, ക്നാനായ ഭരണസമിതി അംഗങ്ങൾ, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നേതാക്കൾ, ബഹു. അച്ചൻ ശുശ്രൂഷിച്ചിരുന്ന വാകത്താനം പുതുശ്ശേരി സെന്റ് ജെയിംസ് പള്ളിയിലെ ഭരണസമിതി അംഗങ്ങളോടും, ഇടവക ജനങ്ങളോടും, മാതൃഇടവകയായ മുളയ്ക്കാംതുരുത്തി സെന്റ് ജോർജ് പള്ളി വികാരിയോടും, ഭരണസമിതി അംഗങ്ങളോടും, ഇടവക ജനങ്ങളോടും, വിവിധ ഇടവകകളിൽ നിന്നും നേരിട്ടും അല്ലാതെയും അനുശോചനം അറിയിച്ച എല്ലാവരോടും, നാനാജാതി മതസ്ഥരോടുമുള്ള നന്ദി അറിയിക്കുന്നു.

എന്ന്,
സന്തപ്ത കുടുംബാംഗങ്ങൾ

# ക്നാനായ ദീപം

SINCE 1989

2021 സെപ്റ്റംബർ പുസ്തകം 32 ലക്കം 9

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ജീവിതം ഒരു പൂവുപോലെ 08
റ്റി. സി. തോമസ് തോപ്പിൽ

പുശ്ബശ്ലോമ്മോ 09
ഫാ. ജേക്കബ് കല്ലുകുളം

മൽപാനോടു ചോദിക്കാം 10

ഈ നിമിഷത്തിൽ ജീവിക്കാം ആസ്വദിക്കാം! 15
സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 17
ഫാ. ഡോ. ജയിംസ് തോടത്തിൽ

സങ്കീർത്തനങ്ങൾ 18
ബിജു പി. ഇളംപള്ളിൽ

വി. യോഹന്നാൻ ശ്ലീഹാ - ഒരു പഠനം 19
ടോമി കുറിച്ചി

കൊറോണയും ക്രൈസ്തവ ജീവിതവും 21
ലീലാമ്മ ഏബ്രഹാം പാലക്കുടി

സത്യത്തിന്റെ മുഖം വികൃതമോ? 22
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

ഭവനദാനത്തിലൂടെ കാരുണ്യ സ്പർശം 23
തമ്പാൻ തോമസ് കോളഭാഗത്ത്

24 ഏവൻഗേലിയോൻ ദീപം
റവ. ഫാ. ബിനു മാത്യു, പയ്യനാട്ട്, പുതുച്ചിറ

25 എവിടെ നിന്റെ ബുൾഗാൻ താടി?
ജോസഫ് തോമസ്സ് തുണ്ടിയിൽ

26 ഓ! അങ്ങനെയോ
അഞ്ചു ലിജോ ഇലവൻകളം

39 മലർവാടിക്കൂട്ടം
ബാലദീപം ക്വിസ്

40 കാൽപ്പാടുകൾ
എബി

41 കുറുക്കുവഴിയില്ലാത്ത വിജയപാതകൾ
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

42 എസ്.എസ്.എൽ.സി. +2 വിജയികൾ

44 സ്മരണാഞ്ജലി

45 മാട്രിമോണിയൽ

48 സാമ്പത്തിക സഹായം

48 ചോർച്ചയുള്ള ഭവനം
പ്രൊഫ. ബേബി ഏബ്രഹാം പുളിക്കാവിൽ

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

**ജനമേ വന്നു നിന്റെ അറകളിൽ കടന്നു വാതിലുകളെ അടക്ക, ക്രോധം കടന്നു പോകുവോളം അല്പ നേരത്തേക്ക് ഒളിച്ചിരിക്ക എന്നു പറഞ്ഞിരിക്കുന്നു**
**യെശയ്യാവ് 26:20**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,


ഏകദേശം 2 വർഷക്കാലത്തോളമായി ലോകത്തെയാകെ പ്രതിസന്ധിയിലാക്കി കോവിഡ് 19 വൈറസ് വ്യാപനം മഹാമാരിയായി തുടരുകയാണ്. മഹാമാരിയുടെ ചരിത്രം പരിശോധിച്ചാൽ ലോകത്തെ മുഴുവൻ നശിപ്പിക്കുന്നതിനുള്ള ആദ്യത്തെ സംഭവം നോഹയുടെ കാലത്തെ വെള്ളപ്പൊക്കം ആയിരുന്നു. ആധുനിക ലോകചരിത്രം പരിശോധിച്ചാൽ പ്ലേഗ് തുടങ്ങി 1300 കളിലുണ്ടായ ബ്ലാക്ക് ഡെത്ത്വരെ നിരവധി ഉദാഹരണങ്ങളാണ്. ഇതിൽ ഒക്കെയായി 20 കോടിയോളം ആളുകളാണ് ലോകത്തിൽ മരിച്ചത്. അക്കാലത്തെ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ സംഭവിച്ച മരണത്തിന്റെ വ്യാപ്തി ഭയാനകമാണ്. 1918 ൽ ആരംഭിച്ച സ്പാനീഷ്ഫ്ളു നിമിത്തം ഇൻഡ്യൻ ഭൂഖണ്ഡത്തിൽ തന്നെ രണ്ടു കോടിയോളം ആളുകളുടെ ജീവൻ നഷ്ടപ്പെട്ടു. ഒന്നാം ലോകമഹായുദ്ധത്തിൽ മരിച്ചത് ആകെ 1.9 കോടി ആളുകളായിരുന്നുവെങ്കിൽ ഏകദേശം അതേ കാലഘട്ടത്തിൽ തന്നെ സ്പാനീഷ്ഫ്ളു പിടിപെട്ട് ലോകത്താകെ 3 കോടിയിലധികം ആളുകളാണ് മരിച്ചത്. തരംഗങ്ങളായാണ് മഹാമാരി ഉണ്ടാകുന്നത്. വൈറസിന്റെ വ്യാപനം ഉണ്ടാകുമ്പോൾ അത് സമൂഹത്തിലെ കുറെപ്പേരെ ബാധിക്കുകയും അടുത്ത തരംഗത്തിലേക്ക് എത്തുകയും ചെയ്യും. വൈറസിനുണ്ടാകുന്ന ജനിതകമാറ്റം നിമിത്തം മൂന്നാം തരംഗം രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കാതെ പരമാവധി ആളുകളിലേക്ക് വൈറസ് വ്യാപിക്കുന്ന തലത്തിൽ ആളുകളെ ബാധിക്കുന്ന തരത്തിലേക്ക് വൈറസുകൾക്ക് മ്യൂട്ടേഷൻ സംഭവിക്കാറുണ്ട്. ഇത് ഒരു തരംഗം പിന്നിട്ട് ആളുകൾ സമൂഹത്തോട് ഇടപഴകുന്ന അവസരത്തിൽ ക്രമാതീതമായ രോഗവ്യാപനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. മറ്റിടങ്ങളിൽ രോഗവ്യാപനം കുറയുന്ന ഈ അവസരത്തിൽ താരതമ്യേന കേരളത്തിൽ തോത് കൂടുതലാണ് എന്നതിന് ആശങ്ക വേണ്ട. കാരണം അങ്ങനെ ആയിരിക്കണമെന്ന് ഈ തരംഗത്തിന്റെ തുടക്കത്തിലെ വ്യക്തമാക്കിയതാണ്. മറ്റിടങ്ങളെ അപേക്ഷിച്ച് ഇനിയും കോവിഡ് ബാധിക്കാത്തവർ കൂടുതലായി കേരളത്തിൽ ഉള്ളതുകൊണ്ട് തന്നെ മൂന്നാം തരംഗത്തിൽ കേരളത്തിൽ കോവിഡ് കേസുകൾ കൂടുതലായി ഉണ്ടാകുമെന്ന് ഉറപ്പാണ്. ഇതിനെ പ്രതിരോധിക്കാൻ വേദപുസ്തകത്തിൽ പറയുന്ന ചില വ്യവസ്ഥകൾ ഓർമ്മിപ്പിക്കട്ടെ. യഹൂദജനത്തിന്റെ ജീവിതത്തിൽ ശുചീകരണ നിയമപ്രകാരം വീട്ടിൽ പുറത്തു വെള്ളം വച്ചിരുന്നതായും കാണാം. കാനാവിലെ കല്യാണവീട്ടിൽ ശുചീകരണ നിയമപ്രകാരം ആറു കൽപാത്രങ്ങളിൽ വെള്ളം വച്ചിരുന്നതായി കാണാം (യോ. 2:6). സമാഗമന കൂടാരത്തിൽ കടക്കുകയോ യഹോവയ്ക്ക് യാഗം കഴിക്കുകയോ ചെയ്യുമ്പോൾ കൈകാലുകൾ കഴുകുവാനായി താമ്രതൊട്ടിയിൽ വെള്ളം സൂക്ഷിച്ചിരുന്നതായി കാണുന്നു (പുറപ്പാട് 30:17–21). കേരളത്തിലും നമ്മുടെ പഴയ പള്ളികളിൽ എല്ലാം പുറത്തെ വാതുക്കൽ കല്ലുകൊണ്ട് ഒരു പാത്രവും കാൽ ഉരക്കുവാൻ കല്ലും ഉണ്ടായിരുന്നു. എന്റെ ഓർമ്മയിൽ റാന്നി വലിയ പള്ളിയുടെ വാതിൽക്കൽ ഇത് ഉണ്ടായിരുന്നു. വീട്ടിൽ നിന്നും യാത്രയ്ക്കുവേണ്ടി ട്രെയിൻ, ബസ് എന്നിവയിൽ കയറുകയും ആശുപത്രി, ചന്ത, ഹോട്ടൽ, ബാർബർ ഷോപ്പ് എന്നിവടങ്ങിൽ പോയിട്ടു വരുമ്പോൾ വസ്ത്രം മാറ്റി ശരീരം ശുദ്ധിവരുത്തിയിരുന്ന ഒരു നല്ല കാലം മുൻപ് ഉണ്ടായിരുന്നു. ഇതൊക്കെ നമ്മുടെ നിത്യ ജീവിതത്തിൽ പാലിക്കുന്നവരെത്രപേരുണ്ടെന്ന് ചോദിക്കുന്നില്ല. എന്നാൽ കൊറോണ വൈറസ് പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ആരോഗ്യവകുപ്പ് വളരെ കർശനമായി രോഗം ബാധിക്കാതിരിക്കാനുള്ള മുൻ കരുതലിന്റെ ഭാഗമായി സാനിറ്റൈസർ കൈകളിൽ പുരട്ടാനും സോപ്പിട്ട് കൈകാലുകൾ കഴുകാനും അകലം പാലിക്കാനും മാസ്ക് ധരിക്കാനും നിഷ്കർഷിച്ചിരിക്കുകയാണ്. അകലം പാലിക്കാതെയും വൈറസ് ബാധയെ തടയാതെയും ഇരുന്നാൽ രോഗം വളരെ വേഗം പടർന്നുപിടിക്കുകയും മരണ നിരക്ക് വളരെ ഉയരുകയും ചെയ്യും. യിരമ്യാവ് തന്റെ പ്രവചനത്തിൽ 16–ാം അദ്ധ്യായത്തിൽ ഇത് വിവരിച്ചിട്ടുണ്ട്. അത് അക്ഷരം പ്രതി നമ്മുടെ കൺമുമ്പിൽ കാണുകയാണല്ലോ. പഴയനിയമകാലത്ത് പകർച്ച വ്യാധി പിടിപെട്ടാൽ ഏഴു ദിവസം മുറിയിൽ ആക്കി വാതിലടച്ചിടും. ഏഴു ദിവസം കഴിഞ്ഞ് പുരോഹിതൻ പരിശോധിക്കുമ്പോൾ കുറവില്ലെങ്കിൽ 7 ദിവസം കൂടെ അടച്ചിടും. അതാണ് ഇന്നത്തെ ക്വാറന്റൈൻ. യെശയ്യാവ് 26:20–ൽ ജനമേ വന്നു നിന്റെ അറകളിൽ കടന്നു വാതിലുകളെ അടക്ക, ക്രോധം കടന്നു പോകുവോളം അല്പ നേരത്തേക്ക് ഒളിച്ചിരിക്ക എന്നു പറഞ്ഞിരിക്കുന്നു. വിവാഹത്തിന് മുപ്പതുപേർ പങ്കെടുക്കാനാണ് അധികാരികൾ പറയുന്നത്. വിവാഹത്തിനുള്ള ആനന്ദഘോഷവും മണവാളന്റെ സ്വരവും മണവാട്ടിയുടെ സ്വരവും നീക്കിക്കളയുമെന്നുള്ള യിരമ്യാവ് പ്രവാചകന്റെ വാക്കുകൾ ഓർമ്മയിൽ വരുകയാണ്. (യിരമ്യാവ് 16:9) രോഗത്തെ ഭയപ്പെടുകയല്ല. അതിനുള്ള മുൻകരുതൽ ബൈബിളിൽ പറയുന്നത് പൂർണ്ണമായി നിർവ്വഹിക്കുകയും ദൈവ സന്നിധിയിൽ അനുതാപത്തോടുകൂടിയ സ്വയം പരിശോധന നടത്തി കുറവുകൾ ഏറ്റു പറഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്യണം.

കർത്താവായ യേശുക്രിസ്തു കാൽവരിയിൽ തന്നെ ത്തന്നെ നമുക്കുവേണ്ടി ഏൽപ്പിച്ച് സ്വന്ത രക്തം തന്ന് നമ്മെ വീണ്ടെടുത്തത് സമൃദ്ധിയായ ജീവൻ നൽകുന്നതിനാണ്.

*(ശേഷം പേജ് 16–ൽ)*

കർത്താവിൽ അനുഗ്രഹീതരെ,

കഴിഞ്ഞ കുറെ മാസങ്ങളായി നമ്മുടെ അയൽ രാജ്യമായ അഫ്ഗാനിസ്ഥാനിൽനിന്നും ആശങ്കപ്പെടുത്തുന്ന വാർത്തകളാണ് ദിനംപ്രതി വാർത്താമാധ്യമങ്ങളിലൂടെ നാം അറിഞ്ഞുകൊണ്ടിരിക്കുന്നത്, ലോക രാജ്യങ്ങൾ മുഴുവൻ ഭീതിയോടെയാണ് അവിടുത്തെ സാഹചര്യങ്ങൾ വീക്ഷിക്കുന്നത്. അവിടെ ഭൂരിപക്ഷ മതത്തിൽ വിശ്വസിക്കുന്നവർക്കുപോലും ഭയാനകമായ അവസ്ഥാവിശേഷം നിലനിൽക്കുമ്പോൾ ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ സ്ഥിതി എത്രയോ ആശങ്ക ഉണർത്തുന്നതാണ്. അഫ്ഗാനിസ്ഥാനിൽ മാത്രമല്ല. ഇപ്പോൾ പാക്കിസ്ഥാനിലും, ഇറാനിലും, തുർക്കിയിലും, ചൈനയിലും, നൈജീരിയായിലും ക്രൂരമായ പീഢനങ്ങളും, കഷ്ടതകളും നേരിട്ടാണ് ക്രൈസ്തവർ അവരുടെ വിശ്വാസം സംരക്ഷിക്കുന്നത്. നിത്യജീവനിലുള്ള പ്രത്യാശയും, ആഴമേറിയ ദൈവവിശ്വാസവും, യേശുതമ്പുരാനോടുള്ള ആത്മാർത്ഥമായ സ്നേഹവും, യേശു ഏക രക്ഷകനാണെന്ന തികഞ്ഞ ബോദ്ധ്യവുമാണ് ഭീകരമായ കഷ്ടതകളുടെ നടുവിലും ക്രിസ്തീയ വിശ്വാസം മുറുകെ പിടിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നത്. വിവിധ രാജ്യങ്ങളിൽ ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ വലിയ സഹനങ്ങളിലൂടെ കടന്നുപോകുന്ന ക്രൈസ്തവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമുക്ക് കടമയുണ്ട്. ക്രിസ്തുവിനെ പ്രതി സഹനം അനുഭവിക്കുന്നവരെ യേശുതമ്പുരാൻ തന്നെ 'ഭാഗ്യവാന്മാർ' എന്നാണ് വിളിക്കുന്നത്. "നീതിക്കായി പീഡയേൽക്കുന്നവർ ഭാഗ്യവാന്മാർ എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു. മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും എന്നെ പ്രതി നിങ്ങൾക്കെതിരായി സർവ്വ ദുർവാക്കുകളും അസത്യമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ അപ്പോൾ നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കുള്ള പ്രതിഫലം വർദ്ധിച്ചിരിക്കുന്നു. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇങ്ങനെ പീഡിപ്പിച്ചിട്ടുണ്ട്" (മത്താ. 5:10–12).



'എന്റെ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നവർ എന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ' എന്നാണ് യേശുനാഥൻ അരുൾ ചെയ്യുന്നത്. യേശുവിനെ അനുഗമിക്കുന്നവരുടെ ജീവിതത്തിൽ സഹനങ്ങൾ ഉണ്ടാകാം 'ക്രിസ്തുവിൽ വിശ്വസിക്കുവാൻ മാത്രമല്ല അവനുവേണ്ടി സഹിക്കുവാൻ കൂടിയുള്ള അവകാശം അവനെപ്രതി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു.'(ഫിലി.1:29) സഹിക്കുന്നത് ക്രിസ്തു ശിഷ്യന്റെ അവകാശമാണെന്നാണ് വി. ഗ്രന്ഥം പറയുന്നത്.

ഈ അടുത്ത സമയങ്ങളിലായി കേരളത്തിൽ നവമാധ്യമങ്ങളിലൂടെയും, ചാനൽ ചർച്ചകളിലൂടെയും ഒക്കെ ക്രൈസ്തവ വിശ്വാസത്തെയും ക്രിസ്തീയ സഭകളുടെ പരിപാവനമായ കൂദാശകളെയും സഭയുടെ മഹനീയമായ പൗരോഹിത്യത്തെയും, സന്ന്യാസത്തെയും ഒക്കെ ഏറെ പരിഹസിക്കുന്ന അഥവാ ഇകഴ്ത്തിക്കാണിക്കുന്ന പ്രവണതകൾ വർദ്ധിച്ചു വരുന്നത് യഥാർത്ഥ ക്രൈസ്തവ വിശ്വാസികളെ വളരെയധികം ദുഃഖത്തിലാഴ്ത്തുന്നു. ലോകം മുഴുവന്റെയും പ്രത്യേകിച്ച് നമ്മുടെ നാടിന്റെ നവോത്ഥാനത്തിനും വിദ്യാഭ്യാസ പുരോഗതിക്കും വിലമതിക്കാനാവാത്ത സംഭാവനകൾ നല്കിയ ക്രൈസ്തവ സഭകളെയും, അവരുടെ സംഘടനകളെയും മഹനീയമായി അവർ കണക്കാക്കുന്ന അവരുടെ വിശ്വാസത്തെ അപകീർത്തിപ്പെടുത്തുന്നതും ആക്ഷേപിക്കുന്നതും ക്രിസ്തീയ വിശ്വാസികളിൽ വലിയ മുറിവ് ഉണ്ടാക്കുന്നു. ക്രൈസ്തവ വിശ്വാസത്തെ നശിപ്പിക്കാൻ ശ്രമിക്കുംതോറും അത് കൂടുതൽ ശക്തിപ്പെടുന്നതായിട്ടാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

ക്രൈസ്തവ വിശ്വാസത്തെ നശിപ്പിക്കാൻ ശ്രമിക്കുന്ന എല്ലാം സഹോദരങ്ങളോടും ക്രിസ്തീയ കാഴ്ചപ്പാടിൽ ക്ഷമിക്കുവാനും അവർക്കായി പ്രാർത്ഥിക്കാനും വിശ്വാസ സമൂഹത്തിന് സാധിക്കണം.

കോവിഡ്-19 എന്ന മഹാമാരി അനേകരുടെ ജീവൻ കവർന്നെടുത്തു അവയിൽ ഏറേയും ചെറുപ്പക്കാരായിരുന്നു, സഭയ്ക്കും സമൂഹത്തിനുവേണ്ടി ഇനിയും ഏറെക്കാലം ഊർജ്ജസ്വലതയോടെ പ്രവർത്തിക്കേണ്ടവരായിരുന്നു. പൗരോഹിത്യഗണത്തിലുള്ളവരെയും, നിരവധി കന്യാസ്ത്രീകളെയും, മിഷനറിമാരെയും, സുവിശേഷകരെയും വിവിധ സഭകൾക്ക് നഷ്ടപ്പെട്ടു. ചിലരുടെ തൊഴിൽ നഷ്ടപ്പെട്ടു, ചിലർക്ക് ഭാരിച്ച സാമ്പത്തിക പ്രതിസന്ധി ഉണ്ടായി അനേകം പേർ നിരാശയിലാണ്ടു എന്നാൽ ഇത്തരം കടുപ്പമേറിയ അവസ്ഥയിലൂടെ സമൂഹം മുഴുവൻ കടന്നുപോകുമ്പോൾ പ്രതീക്ഷയുടെ തിരിനാളം തെളിച്ച് തിരുവചനം നമ്മെ ആശ്വസിപ്പിക്കുന്നു. നമ്മൾ ഭയചകിതരാകാതെ നിരാശരാകാതെ ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുവാൻ ദൈവവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമേ, നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവീൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം." (മത്താ. 11:28) എന്നാണ് വിശുദ്ധ ലിഖിതം നമ്മെ ഓർമ്മപ്പെടുത്തുന്നത്. ദൈവം കഷ്ടതയിലൂടെ കടന്നുപോകുന്നവരെ ആശ്വസിപ്പിക്കുന്നവനാണ്. യേശു തമ്പുരാൻ രോഗത്താലും വിവിധ പ്രയാസങ്ങളാലും ഭാരപ്പെട്ടവരെ സഹായിച്ചു (യോഹ: 8:1–11). അല്പകാലത്തേക്കു വിവിധ പരീക്ഷകൾ നിമിത്തം നമുക്ക് ദുഃഖിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ എന്നാണ് വി.പത്രോസ്ശ്ലീഹാ പറയുന്നത് (1.പത്രോ.1:6). എല്ലാ വേദനകൾക്കു ശേഷവും ഒടുവിൽ നമുക്ക് വിജയമുണ്ടെന്ന് തിരുവചനം നമുക്കുറപ്പ് നൽകുന്നു. ആയതിനാൽ നമ്മുടെ ഉൽക്കണ്ഠകളെല്ലാം കർത്താവിനെ ഏല്പിക്കാം. അവിടുന്ന് നമ്മുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (1. പത്രോ.5:7).

പ്രിയമുള്ളവരെ, ബഹു. ജെയ്സൺ സ്കറിയാ ഇളവൻകളത്തിലച്ചന്റെ ആകസ്മിക വേർപാടിൽ ക്നാനായ സമൂഹം അത്യഗാധമായ ദുഃഖത്തിലൂടെ കടന്നു പോകുന്നുവല്ലോ. ബഹു. അച്ചൻ ഇമ്പങ്ങളുടെ പറുദീസായിൽ ആനന്ദിക്കട്ടെ എന്നും ബഹു. അച്ചന്റെ കുടുംബത്തിന് പരിശുദ്ധ റൂഹാ ആശ്വാസം നൽകട്ടെ എന്നും പ്രത്യേകം പ്രാർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ് (സമുദായ മെത്രാപ്പോലീത്താ)**

## സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

**യേശുവിനെ അനുഗമിക്കുന്നവരുടെ ജീവിതത്തിൽ സഹനങ്ങൾ ഉണ്ടാകാം 'ക്രിസ്തുവിൽ വിശ്വസിക്കുവാൻ മാത്രമല്ല അവനുവേണ്ടി സഹിക്കുവാൻ കൂടിയുള്ള അവകാശം അവനെ പ്രതി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു.**



**റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,**
**ക്നാനായ സമുദായ സെക്രട്ടറി**

# സമുദായ വാർത്തകൾ

പ്രിയപ്പെട്ടവരെ,

AD 345 ൽ മലങ്കരയിൽ കുടിയേറിപ്പാർത്ത യഹൂദ നസ്രാണികളായ സിറിയൻ ക്നാനായ സമൂഹം 1600 വർഷങ്ങൾക്ക് ശേഷം, ഹിന്ദുവിൽ കാല് കുത്തിയ കൊടുങ്ങല്ലൂർ തന്നെ വീണ്ടും സ്വന്തമായി സ്ഥലം വാങ്ങി നമ്മുടെ കുടിയേറ്റം അവിസ്മരണീയം ആക്കിക്കൊണ്ട് കൊടുങ്ങല്ലൂർ പൈതൃക സ്മാരകം കഴിഞ്ഞ ആഗസ്റ്റ് മാസം 24,25 തിയതികളിൽ ഉദ്ഘാടനവും കൂദാശയും നടത്തുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.

തലമുറകളായി സിരകളിൽ എഴുതിച്ചേർക്കപ്പെട്ട ഗോത്ര പൈതൃകം നെഞ്ചിലേറ്റി മലങ്കരയിൽ കുടിയേറിയവരാണ് നമ്മൾ ക്നാനായക്കാർ. ഗോത്ര ആചാരങ്ങൾ പോലെ തന്നെ ക്നാനായ സമുദായത്തിന്റെ മലങ്കരയിലെ ആദിമ ചരിത്രമുറങ്ങുന്ന കൊടുങ്ങല്ലൂരും ക്നായിതോമാ സ്മാരകവും ഓരോ ക്നാനായക്കാരന്റെയും ഹൃദയ സ്പന്ദനം ആണ്.

ഈ ചരിത്ര സ്മാരകത്തിൽ വിശുദ്ധനായ മോർ ക്നായിതോമായേയും, ഉറഹാ മോർ യൗസേഫിനേയും അനുസ്മരിച്ചുകൊണ്ടു 24-ാം തീയതി വൈകിട്ട് സന്ധ്യാപ്രാർഥനയെ തുടർന്ന് സ്മാരകത്തിൻെറ കൂദാശ അഭിവന്ദ്യ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ കാർമികത്വത്തിൽ ബഹുമാനപ്പെട്ട വികാരി ജനറാൾ, വൈദിക ട്രസ്റ്റി, ഭദ്രാസന സെക്രട്ടറി, സെമിനാരി മാനേജർ തുടങ്ങിയ വൈദിക ശ്രേഷ്ഠരുടെ സഹകരണത്തിലും ക്നാനായ കമ്മിറ്റി അംഗങ്ങളുടെയും, അസ്സോസിയേഷൻ അംഗങ്ങളുടെയും, വിശ്വാസികളുടെയും സാന്നിധ്യത്തിലും ഓൺലൈനിൽ കൂടി ടെലിക്കാസ്റ്റ് ചെയ്തുകൊണ്ട് കൂദാശ നടത്തുവാൻ സാധിച്ചു.

25-ാം തീയതി രാവിലെ സമുദായ മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ വൈദിക ശ്രേഷ്ഠരുടെ സഹകരണ ത്തിലും വിശുദ്ധ കുർബാന അർപ്പിച്ചു.

പിന്നിട് കൊടുങ്ങല്ലൂർ കോട്ടപ്പുറം കായലോരത്ത് ക്നാനായ സമുദായ ത്തിന്റെ ചരിത്രം വിശദീകരിക്കുന്ന പൈതൃക സ്മാരക ഉദ്ഘാടന പൊതുസമ്മേളനം സമു ദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരു മേനിയുടെ അദ്ധ്യക്ഷതയിൽ ബഹു: കേരള ജലവിഭവവകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു.

വലിയ ഒരു സമൂഹത്തെ വിശ്വാസ പാരമ്പര്യത്തിന്റെ അടിത്തറയിൽ സംരക്ഷി ക്കാൻ കഴിഞ്ഞവരാണ് ക്നാനായ സമുദായം എന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

സഹായ മെത്രാപ്പോലീത്തമാരായ അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രിഗോറിയോസ്, അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് എന്നീ തിരുമേനിമാർ അനുഗ്രഹ പ്രഭാഷണം നടത്തി.

മുൻ സുപ്രീംകോടതി ജഡ്ജി സിറിയക്ക് ജോസഫ് (ലോകായുക്ത) മുഖ്യ അതിഥിയായിരുന്നു. അതിജീവന ത്തിന്റെ ആത്മഹർഷം നിരന്തരം അനുഭവിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ധീരരായ ഒരു ക്രൈസ്തവ സമൂഹം ആണ് ക്നാനായ സമൂഹം എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

വി.ആർ.സുനിൽ കുമാർ എം.എൽ.എ. സ്മരണിക പ്രകാശനം ചെയ്തു. നഗരസഭാധ്യക്ഷ എം. യു. സിനിജ, മുനിസിപ്പൽ കൗൺസിലർ ശ്രീ. ബോബി, സമുദായ ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്, മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, റ്റി.സി. തോമസ് തോപ്പിൽ, രാജു വള്ളപ്പുരക്കൽ, സാബു കണ്ണാട്ടിപ്പുഴ, മുൻ സമുദായ സെക്രട്ടറി തമ്പാൻ തോമസ്, വികാരി ജനറൽ വി.എ. ഏബ്രഹാം ഇളയശ്ശേരി, വൈദിക ട്രസ്റ്റി മോനായി ഫിലിപ്പ്, സെന്റ് മൈക്കിൾ പള്ളി വികാരി ഫാദർ ആംബ്രോസ്, ശ്രീ. ബേബികുട്ടി തേക്കുംമൂട്ടിൽ, നസ്രത്ത് കോളേജ് സെക്രട്ടറി പ്രൊഫസർ പ്രസാദ് കോയിക്കൽ, ക്നാനായ കോൺഗ്രസ് പ്രസിഡന്റ് റവ. ഫാ. ജേക്കബ് കല്ലുകുളം, മുൻ കമ്മിറ്റി അംഗം തോമസൂകുട്ടി തേവരുമുറിയിൽ എന്നിവർ പ്രസംഗിച്ചു.

സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം സ്വാഗതവും വില്ലി വടാമറ്റം കൃതജ്ഞതയും പറഞ്ഞു.

വിശിഷ്ട അതിഥികൾക്ക് സ്മാരകത്തിന്റെ ഫോട്ടോ ആലേഖനം ചെയ്ത ഫലകം സമ്മാനിച്ചു.

യഹൂദ നസ്രാണികളായ 400 പേരടങ്ങുന്ന ക്നാനായ സമുദായത്തിലെ 72 കുടുംബങ്ങൾ എ.ഡി. 345-ൽ കൊടുങ്ങല്ലൂർ തുറമുഖത്ത് കുടിയേറിപ്പാർത്തതുമായി ബന്ധപ്പെട്ട ചരിത്രമാണ് മ്യൂസിയത്തിൽ പ്രദർശിപ്പിച്ചി രിക്കുന്നത്. കോട്ടപ്പുറം കോട്ടയിൽ കായലോരത്ത് സമുദായം വാങ്ങിയ സ്ഥലത്ത് 3000 ചതുരശ്ര അടിയിലാണ് മ്യൂസിയം സ്ഥാപിച്ചിരിക്കുന്നത്. 6 വലിയ മാർബിൾ ഫലകത്തിൽ സമുദായത്തിന്റെ ഇതുവരെയുള്ള ചരിത്രം ആലേഖനം ചെയ്തിട്ടുണ്ട്. ചരിത്ര വിദ്യാർഥികൾക്കും സഞ്ചാരികൾക്കും സന്ദർശിക്കാം.

അവിടെ എത്തുന്ന തീർത്ഥാടകരായ നമ്മുടെ സമുദായ അംഗങ്ങൾക്ക് ആവശ്യമായ വിശ്രമ സ്ഥലവും, ശുചിമുറികളും ഒക്കെ ഒരുക്കിയിട്ടുണ്ട്.

ധാരാളം ആളുകൾ പള്ളികളിൽനിന്നും, കുടുംബമായും, ഗ്രൂപ്പുകളായും ഒക്കെ സ്മാരകം സന്ദർശിച്ചു കൊണ്ടിരിക്കുന്നു.

നമ്മുടെ പൈതൃക സ്മാരകം ക്നാനായ കത്തോലിക്കാ സമുദായത്തിന്റെ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മോർ മാത്യു മൂലക്കാട്ടിൽ പിതാവും, സഹായമെത്രാന്മാരായ അഭിവന്ദ്യ മോർ ജോസഫ് പണ്ടാരശ്ശേരി പിതാവും, അഭിവന്ദ്യ ഗീവർഗീസ് മോർ അപ്രേം തിരുമേനിയും സംഘവും സന്ദർശിച്ചു. അവരുടെ അഭിനന്ദനം സമുദായ മെത്രാപ്പോലിത്തായേയും ക്നാനായ കമ്മിറ്റിയേയും അറിയിക്കണം എന്നു പറഞ്ഞാണു മടങ്ങിയത്.

തീർച്ചയായും ഈ പൈതൃക സ്മാരകം ക്നാനായ സമൂഹത്തിലെ എല്ലാവരും സന്ദർശിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ ടേമിലെ ക്നാനായ അസ്സോസിയേഷൻ നിലവിൽ വന്നത് 28/08/2018-ലാണ്. ആദ്യമായി കൂടിയ ക്നാനായ അസ്സോസിയേഷന് ശേഷം ഒരു വർഷവും അഞ്ചു മാസത്തിനും ഇടയിൽ അതായത് 28/01/2020 വരെ 7 അസ്സോസിയേഷൻ യോഗങ്ങൾ കൂടുകയുണ്ടായി. 2020 മാർച്ച് മാസം മുതൽ കേരളത്തിൽ കോവിഡ് 19 മഹാമാരി പൊട്ടിപുറപ്പെട്ടു, ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം നമുക്ക് അസ്സോസിയേഷൻ കൂടുവാൻ സാധിച്ചിട്ടില്ല. പലപ്രാവശ്യം കോട്ടയം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടു എങ്കിലും അസ്സോസിയേഷൻ കൂടുവാൻ അനുവാദം ലഭിക്കുകയുണ്ടായില്ല. ഏറ്റവുമൊടുവിൽ ആഗസ്റ്റ് അവസാനവാരം എങ്കിലും അസ്സോസിയേഷൻ വിളിച്ചു കൂട്ടുന്നതിന് വേണ്ടി അനുമതി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ദുരന്തനിവാരണ അതോറിറ്റിയുടെ അനുവാദം ലഭിച്ചിട്ടില്ല എന്നുള്ള വിവരം വളരെ ഖേദത്തോടെ അസ്സോസിയേഷൻ മെമ്പർമാരെ അറിയിക്കുന്നു. വീണ്ടും നമ്മൾ ജില്ലാ ഭരണകൂടത്തെ ബന്ധപ്പെട്ടു കൊണ്ടിരിക്കും. അനുവാദം ലഭിക്കുന്ന മുറയ്ക്ക് അസ്സോസിയേഷൻ മീറ്റിംഗ് കൂടുന്നത് ആയിരിക്കും എന്ന് എല്ലാ അസ്സോസിയേഷൻ അംഗങ്ങളെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ക്നാനായ സമുദായത്തിലെ പ്രഗൽഭനായ വൈദിക ശ്രേഷ്ഠനും മുളക്കാത്തുരുത്തി സെന്റ് ജോർജ് പള്ളി ഇടവക അംഗവും, പുതുശ്ശേരിപള്ളി വികാരിയും, മുൻ അപ്രേം സെമിനാരി മാനേജരുമായിരുന്ന ഇളവൻകളത്തിൽ ബഹു. ജെയ്സൺ സ്കറിയ അച്ചൻ ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ട കാര്യം നമുക്കെല്ലാം അറിവുള്ളതാണല്ലോ.

ക്നാനായ കമ്മിറ്റിയുടെ ഒരു അടിയന്തര യോഗം ഗൂഗിൾ മീറ്റിൽ കൂടിയതിന്റെ അടിസ്ഥാനത്തിൽ ഇളവൻകളം ജെയിസൺ സ്കറിയ അച്ചന്റെ ആകസ്മിക നിര്യാണത്തിൽ കമ്മിറ്റിയുടെ അഗാധമായ ദുഃഖം അറിയിക്കുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട അച്ചന്റെ കുടുംബത്തെ കരുതുവാൻ ക്നാനായ സമുദായത്തിന് കടപ്പാട് ഉണ്ട്. ആയതിലേക്ക് സമുദായമെത്രാപ്പോലീത്താ സേവേറിയോസ് തിരുമേനിയുടെയും വൈദികട്രസ്റ്റിയുടേയും വികാരി ജനറാൾ അച്ചന്റെയും കൂടി പേരിൽ സമുദായത്തിന്റെ ആദ്യ ഗഡുവായി ഒരു ലക്ഷംരൂപ നിക്ഷേപിച്ചു കൊണ്ട് ഒരു ജോയിൻറ് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

അക്കൗണ്ട് ഡീറ്റെയിൽസ് താഴെ ചേർക്കുന്നു

Mor Severios Kuriakose
& Fr.V.A.Abraham, Fr.Monai K. Philip
Ac.No.0764053000002957
IFSC.SIBL0000764
South Indian Bank Chingavanam branch
Chingvanam 686531

സ്വദേശത്തും വിദേശത്തുമുള്ള ദൈവാലയങ്ങളും സമുദായ സ്നേഹികളും ഈ സംരംഭത്തിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ അക്കൗണ്ടിൽ വരുന്ന പണം ഫിക്സഡ് ഡിപ്പോസിറ്റ് ആയി അച്ചന്റെ മക്കളുടെ പേരിൽ നിക്ഷേപിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

യാതൊരു അറ്റകുറ്റപ്പണിയും നടത്താതെ പത്തു വർഷത്തിൽ അധികം ജീർണ്ണിച്ചു കിടന്ന മോർ അപ്രേം സെമിനാരി നവീകരിച്ചു, വാസയോഗ്യം ആക്കി. സാമ്പത്തിക പ്രതിസന്ധി മൂലം അപ്രേം സെമിനാരിയുടെ ഫർണിഷിംഗ് മുഴുവൻ പൂർത്തികരിക്കുവാൻ കഴിഞ്ഞിരുന്നില്ല. എത്രയും വേഗത്തിൽ തന്നെ ഇതര സഭകളുടെ ആസ്ഥാന മന്ദിരത്തിനൊപ്പം നമ്മൾക്കും അഭിമാനിക്കാവുന്ന രീതിയിൽ ഫർണിഷിംഗ് ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുകയാണ്. എത്രയും വേഗം പൂർത്തീകരിച്ച് അടുത്തമാസം കൂദാശ ചെയ്യുവാൻ ദൈവത്തിൽ ശരണപ്പെടുന്നു.

ഒരു കാര്യം ഓർമപ്പെടുത്തുന്നു, സമുദായ മെത്രാപ്പോലീത്തായ്ക്കും, സമുദായ സെക്രട്ടറിക്കും, ക്നാനായ കമ്മിറ്റി അംഗങ്ങൾക്കും എതിരായി സ്ഥിരമായി വ്യക്തിഹത്യ നടത്തുന്ന ക്നാനായ സമുദായം എന്ന ഒരു ഫെയിക്ക് ഫേസ് ബുക്ക് പേജിലൂടെ സത്യവിരുദ്ധമായ ആരോപണങ്ങളും ഗൂഢാലോചനകളും നടത്തി കൊണ്ടിരിക്കുന്നുണ്ട് എന്നറിയുന്നു. ഇവർ ക്നാനായ രക്തത്തിൽ പിറന്നവർ ആണെന്ന് വിശ്വസിക്കാൻ പ്രയാസമാണ്, കാരണം ക്നാനായക്കാർ ആണത്തത്തോടെ മുഖത്തു നോക്കി കാര്യം പറയുവാൻ ആർജവമുള്ള യഹൂദ നസ്രാണികളാണ്.

വിമർശനം നല്ലതാണ് എന്നാൽ വസ്തുതകൾക്ക് വിരുദ്ധമായി ഒളിഞ്ഞിരുന്ന് ഫെയ്ക്ക് ഐഡിയിൽ (ഊമക്കത്ത്) കൂടി എഴുതുന്നത് ആണത്തമുള്ളവർക്ക് യോജിച്ച സംഗതിയല്ല. സമുദായത്തിന്റെ പുരോഗമനം കണ്ടു ചിലർ അസൂയ മൂത്ത് എഴുതുന്ന ജൽപ്പനങ്ങൾ ആയി മാത്രമേ ക്നാനായ സമൂഹം ഇതിനെ കാണുകയുള്ളൂ.

ഇങ്ങനെയുള്ളവർക്ക് മറുപടി അർഹിക്കുന്നില്ല.

സമുദായത്തിലെ ഭിന്നതകൾ തീർത്ത് സഹകരിച്ച് വിട്ടുവീഴ്ചകളോടെ സമുദായ ചട്ടക്കൂടിൽ നിന്നുകൊണ്ട് ഭരണഘടനപ്രകാരം സമുദായം മുന്നോട്ടു പോകുന്നതിന് ക്നാനായ കമ്മിറ്റി തയ്യാറാണ് എന്ന് ഒരിക്കൽ കൂടി സമുദായ അംഗങ്ങളെ അറിയിക്കുന്നു. അതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ എല്ലാവരുടെയും മേൽ വ്യാപരിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ക്നാനായ കമ്മിറ്റിക്കുവേണ്ടി,

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

സമുദായ സെക്രട്ടറി

# ജീവിതം ഒരു പൂവുപോലെ

റ്റി.സി. തോമസ്, തോപ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

"ഹാ! പുഷ്പമേ, അധികതുംഗ പദത്തിലെത്ര ശോഭിച്ചിരുന്നൊരു രാജ്ഞി കണക്കയേ നീ, ശ്രീ ഭൂവിലസ്ഥിര – അസംശയം ഇന്നു നിന്റെ യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ!"

മഹാകവി കുമാരനാശാൻ എഴുതിയ കവിതയാണിത്. പേര് വീണപൂവ്. നൂറ്റാണ്ടു കഴിഞ്ഞിട്ടും ഇന്നും അതിലെ ആശയവും സന്ദേശവും മനുഷ്യജീവിതത്തിന്റെ ക്ഷണികവും നശ്വരതയും സമൂഹത്തിനു വിലപ്പെട്ട ദൂതു നൽകുന്നു. കാലത്തെ അതിജീവിച്ചു നിൽക്കുന്ന ഈ കവിതയിലെ മനുഷ്യ ജീവിതത്തിന്റെ പൊരുൾ എക്കാലത്തും പ്രസക്തിയുള്ളതാണ്. ഈ കവിത യഥാർത്ഥ ജീവിതത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ഒരു കാലത്ത് നീ എത്ര ഹൃദയവർജ്ജകയായിരുന്നു. പുറത്ത് അനുപമ സൗന്ദര്യവും അകത്ത് മധുരം നിറഞ്ഞ മധുവും ഉള്ള നീ ആരുടെയെല്ലാം ഹൃദയത്തെ മഥിച്ചു! ഇന്നു നിന്റെ കിടപ്പെവിടെ? ഒരു രാജ്ഞിയെപോലെ സമൂഹത്തിൽ എത്ര ഉന്നത സ്ഥാനം വഹിച്ചവളായിരുന്നു നീ. ഇന്നോ? ജീവിതത്തിന്റെ പ്രശ്നമാണിത്. ഐശ്വര്യത്തിന്റെ നെറുകയിൽ വിരാജിച്ചു നിന്ന നീ ഇന്ന് ഈ മണ്ണിൽ കൊഴിഞ്ഞു വീണു കിടക്കുന്നു. കഷ്ടം! ഇന്ന് നിനക്ക് ഈ ഗതി വന്നു. നാളെ ഞങ്ങളുടെ ഓരോരുത്തരുടെയും സ്ഥിതി ഇതു തന്നെ. അഗാധമായ അലയാഴിയും ഉന്നത ഗിരി ശൃംഗങ്ങളും ഒരിക്കൽ നശിക്കും. സ്ഥാനമാനങ്ങളിൽ, സമ്പത്തിൽ സൗന്ദര്യത്തിൽ മെയ്ക്കരുത്തിൽ ഒക്കെ ഭ്രമിച്ച് ജീവിതം തുലയ്ക്കുന്ന ഹേ മനുഷ്യാ, നീ എന്നും ഇതുപോലെ നിലനിൽക്കുമെന്ന് വിശ്വസിക്കുന്നുവോ? ഇതാണ് കവി ചോദിക്കുന്നത്. ഒരു പൂവിന്റെ അത്യാകർഷകമായ ജീവിതം എങ്ങനെ അവസാനിച്ചു. എത്ര ദയനീയമാണ് ഈ കിടപ്പ്.

പ്രഭാതത്തിൽ പൂത്ത് വൈകിട്ട് കൊഴിഞ്ഞുപോകുന്ന പൂക്കളുടെ ആയുസ്സ് കേവലം ഒരു ദിവസം മാത്രമാണ്. പക്ഷേ അവ ഒരിക്കലും തന്റെ ജീവിതം ഒരു പകൽ എരിഞ്ഞടങ്ങുമ്പോഴേക്കും അസ്തമിക്കും എന്ന ചിന്തയുമായി ഉത്കണ്ഠപ്പെട്ടുകൊണ്ട് നിരാശയിലും ആകുലതയിലും ജീവിതം തള്ളി നീക്കുന്നില്ല. മറിച്ച് ഓരോ പ്രഭാതത്തിലും ഈശ്വരൻ തനിക്കു തന്നിരിക്കുന്ന മഹനീയ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും മഹത്വം മനസ്സിലാക്കി സന്തോഷത്തോടെ ഒപ്പം അനേകർക്കു തന്റെ കൊച്ചു ജീവിതത്തിലൂടെ സൗരഭ്യം പരത്തി പൂത്ത് വിടർന്നു നിൽക്കുന്നു.

താൻ ചെറുതാണ്, തന്റെ ജീവിതം ഹ്രസ്വമാണ് എന്ന ചിന്തയിൽ ഒരു പൂച്ചെടി ഒരിക്കലും നിഷ്ക്രിയമായിരിക്കുന്നില്ല. മറിച്ച് തന്റെ കൊച്ചു ജീവിതംപോലും മറ്റുള്ളവരുടെ നന്മയ്ക്കായി വിനിയോഗിച്ചുകൊണ്ട് തന്റെ ഉള്ളിലെ തേൻ നുകരാൻ കരിവണ്ടുകളെയും ചിത്രശലഭങ്ങളെയും പക്ഷികളെയുമെല്ലാം അനുവദിക്കുന്നു തന്റെ മനോഹരമായ ഗന്ധവും നിറവുംകൊണ്ട് തന്റെ സാന്നിദ്ധ്യത്താൽ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ സന്തോഷം പകരുന്നു. ഒടുവിൽ തന്റെ ഉള്ളിലെ അവസാന തുള്ളി തേനും സഹജീവികൾക്കായി നൽകി ഗന്ധവും രൂപവും വഴി അനേകർക്കു സന്തോഷം പകർന്നശേഷം വാടിത്തളർന്ന് കൊഴിഞ്ഞു മണ്ണിലേക്കു വീഴുന്നു. അവിടെയും ആ പൂവ് തന്റെ ദൗത്യം പൂർത്തിയാക്കുന്നില്ല. തന്നെ പൂവായി മാറ്റിയ തന്റെ എല്ലാ അംഗീകാരത്തിനും കാരണമായ ആ ചെടിയുടെ വളർച്ചക്കായി സ്വയം അഴുകി ഇല്ലാതായി വളമായി മാറുന്നു.

പൂവിന്റെ ജീവിതം മനുഷ്യജീവിതവുമായി വളരെ സാദൃശ്യപ്പെട്ടിരിക്കുന്നു. ഈ ലോകത്തേക്കു ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത് ഓരോ നിയോഗവുമായാണ്. അതു തിരിച്ചറിഞ്ഞുകൊണ്ട് നാം ആയിരിക്കുന്ന അവസ്ഥയിൽ സന്തോഷിക്കുവാനും പ്രവർത്തിക്കുവാനും കഴിയുമ്പോഴാണ് നമ്മുടെ ജീവിതത്തിന് അർത്ഥമുണ്ടാകുന്നത്. അതല്ലാതെ കിട്ടാതെപോയതിനെ ഓർത്തും അക്കരപ്പച്ചയിൽ മനം മയങ്ങിയും എപ്പോഴും ആകുലപ്പെട്ടും ജീവിച്ചാൽ നമ്മുടെ ജീവിതം നിരർത്ഥകമമായിരിക്കും. അസംതൃപ്തിയും വെറുപ്പും കാർന്നു തിന്നുന്ന മനസ്സ് ഒരിക്കലും നമുക്ക് ശാന്തി തരുകയില്ല. അതിനാൽ ദൈവം തന്ന മഹത്തായ ദാനമായ നമ്മുടെ ജീവിതത്തെ സ്നേഹിക്കാം. നമ്മളാൽ കഴിയുന്ന രീതിയിൽ വിവിധ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ട് സമൂഹത്തിനു നന്മവരാൻ ശ്രമിക്കണം.

ഒരു വസ്തു എപ്പോഴാണ് നന്നായിരിക്കുന്നു എന്നു പറയുക? അത് ഏതു ലക്ഷ്യത്തിനായി നിർമ്മിതമായോ ലക്ഷ്യം സാധിക്കുമ്പോൾ ഒരു ക്ലോക്ക് നന്നായിരിക്കുന്നു എന്നു നാം പറയുന്നു. സമയം കൃത്യമായി കാണിക്കുക എന്നതാണ് ക്ലോക്കിന്റെ നിർമ്മാണലക്ഷ്യം. അല്ലാതെ ഒരു അലങ്കാര വസ്തുവായി കാണപ്പെടാനല്ല. ഒരു മനുഷ്യൻ എന്തിനായി സൃഷ്ടിക്കപ്പെട്ടു? അവന്റെ ലക്ഷ്യം എന്ത്? ആ ലക്ഷ്യം സാധിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയാൽ മാത്രമെ മനുഷ്യജന്മം സഫലമായി എന്നു നമുക്കു പറയാനാകൂ. പദവികൾ സ്ഥാനമാനങ്ങൾ സമ്പത്ത് സുഖ സൗകര്യങ്ങൾ തുടങ്ങി ഈ ലോകത്തിലെ നേട്ടങ്ങളെല്ലാം ഒരുവൻ നേടിയെന്നു കരുതുക. അവൻ പരിപൂർണ്ണനാണെന്നു പറയാനാകുമോ? ഇവയൊക്കെ ശാശ്വതമായി അവനെ നിലനിർത്തുമോ? മനുഷ്യജീവിതത്തിലെ മനോഹരമായ നിമിഷങ്ങൾ ഏതെന്നു ചോദിച്ചാൽ തന്റെ സൃഷ്ടാവിനുവേണ്ടി ചെലവഴിച്ച നിമിഷങ്ങൾ എന്നതായിരിക്കണം ഉത്തരം. അതിവേഗ ജീവിതം നയിക്കുന്ന ഒന്നിനും സമയവും സാവകാശവുമില്ലാത്ത സ്വയാവബോധം നഷ്ടപ്പെട്ട ആധുനിക മനുഷ്യന് എല്ലാ സുഖ സൗകര്യങ്ങളും ഉണ്ട്. പക്ഷേ ജീവിതത്തിൽ ഒരു സ്വസ്ഥതയുമില്ല. ഒരു നിമിഷംപോലും ആസ്വദിക്കാനാവുന്നില്ല. തികച്ചും യാന്ത്രിക ജീവിതം നയിക്കുന്ന ആധുനിക മനുഷ്യൻ ചുറ്റുപാടുകളെ അറിയുന്നില്ല. തന്നെത്തന്നെ അറിയുന്നില്ല. അവർ യാന്ത്രികമായി ചലിക്കുന്നു, യാന്ത്രികമായി പ്രവർത്തിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നു. ആഹാരത്തിന്റെ രുചി അറിയുന്നില്ല ഗുണമറിയുന്നില്ല മണവുമറിയുന്നില്ല. വർത്തമാനകാലം അവനു നഷ്ടമായിരിക്കുന്നു. അതിന്റെ മഹത്വം അവനറിയാതെ പോകുന്നു. ഈ നിമിഷത്തിന്റെ മാധുര്യം അവന് അന്യമായിരിക്കുന്നു. മനോഹരമായ നീലാകാശവും രാവിലെ ഉദിച്ചുയരുന്ന സൂര്യനെയും, നക്ഷത്രങ്ങളും മലനിരകളും കിളികളുടെ കളകൂജന ശബ്ദങ്ങളും പൂത്തുലഞ്ഞുനിൽക്കുന്ന പൂമരങ്ങളും പച്ച പരവതാനിയണിഞ്ഞ മൈതാനത്തെയും ശ്രദ്ധിക്കാതെ തന്റേതായ ലോകത്ത് മാത്രം വിരാജിക്കുന്ന വ്യക്തികൾ സംസ്ക്കാര ബോധമില്ലാതായിരുന്നു. സൗന്ദര്യവും മസിൽ പവറും കണ്ടു നാം അഹങ്കരിക്കുന്നു. സത്യം എത്ര അകലെ, നാം ഓർക്കാറുണ്ടോ. മനുഷ്യജീവിതത്തിലെ നശ്വരതയെപ്പറ്റി പൂവിന്റെ കഥയിലൂടെ നമ്മെ ഓർമ്മിപ്പിക്കുകയാണ് കവി. നാളെയെപ്പറ്റിയുള്ള ചിന്തയും കരുതലും അത്യാവശ്യമാണ്. പക്ഷേ ഇന്നിനെ മറന്ന് നാളെയിൽ ജീവിക്കാൻ ശ്രമിക്കരുത്.

A great thinker was asked
"What is the meaning of life''
He replied'' Life itself has no meaning
Its an opportunity to create meaning''.

മിക്ക ആനന്ദവും പൂക്കൾ പോലെയാണ്. പറിച്ചു കഴിയുമ്പോൾ നശിക്കുന്നു. ആ പൂവിനെപ്പോലെ മറ്റുള്ളവർക്ക് സുഗന്ധം പകരുന്ന തേനിന്റെ മധുരം ചൊരിയുന്ന ജീവിതശൈലി ഉണ്ടാകണം. ഹ്രസ്വവും നശ്വരവുമായ ലോകമോഹങ്ങളിൽ അഭിരമിച്ചു അഹങ്കരിക്കാതെ ജീവിതത്തിന്റെ പൊരുളുകൾ തിരിച്ചറിയാൻ നമുക്കു സാധിക്കട്ടെ.

# പുശ്ബശ്ലോമ്മോ

**ഫാ. ജേക്കബ് കല്ലുകുളം (ക്നാനായ കോൺഗ്രസ് പ്രസിഡന്റ്)**

മലനാടിന്റെ റാണിയായ റാന്നിയിൽ ജനിച്ച് മലങ്കര സഭയുടെ നായക പദവിയിലേക്കുയർന്ന ശ്രേഷ്ഠ ആചാര്യനായിരുന്നു മോർ ക്ലീമ്മീസ് തിരുമേനി. കഴിഞ്ഞുപോയ ക്നാനായ അതിഭദ്രാസനത്തിന്റെ ചരിത്രം പരിശോധിച്ചാൽ പുണ്യശ്ലോകനായ ക്ലീമ്മീസ് തിരുമേനിയുടെ മഹാമഹത്വം വെളിപ്പെടുന്നു. എ. ഡി. 345 ൽ മലങ്കരയിലെത്തിയ ഉറഹാവാസികളുടെ പിൻതലമുറയെ പരി. അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ നിലനിർത്തുവാൻ ദൈവം നിയോഗിച്ച കർമ്മയോഗിയായിരുന്നു മാർ ക്ലീമ്മീസ് തിരുമേനി. മലങ്കരസഭയുടെ ആപൽഘട്ടങ്ങളിലൊക്കെ കാറ്റിലും കോളിലും പെടാതെ സഭയെ നയിച്ച ശക്തനായ കപ്പിത്താനായിരുന്നു തിരുമേനി. ദൈവജനത്തിന്റെ ശുശ്രൂഷകരായ മേലധ്യക്ഷന്മാർ പിതൃതുല്യവാത്സല്യത്തോടും ആർദ്രതയോടും അനുകമ്പയോടും കൂടി ജനത്തെ സ്നേഹ ശൃംഖലയുടെ കണ്ണികളാക്കി മാറ്റുന്നവരാകണം. സഭയുടെ തലവനായിരുന്ന് എല്ലാ തലത്തിലും നായകനായി വർത്തിക്കണം. ദൈവസന്നിധിയിലേയ്ക്ക് മാറ്റപ്പെട്ടിട്ടും ജനഹൃദയങ്ങളിൽ വാത്സല്യപിതാവായി വർത്തിക്കാൻ ഇന്നും മാർ ക്ലീമ്മീസിനു സാധിക്കുന്നത്, സ്നേഹഭാവത്തോടെ ജനഹൃദയങ്ങളിലേയ്ക്ക് ഇറങ്ങി വന്നതുകൊണ്ടാണ്.



ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ സ്നേഹനിധിയായ പിതാവിന്റെ മക്കളും, ക്രിസ്തുവിൽ സഹോദരങ്ങളുമാണ്.

സഹോദര്യബോധമായിരിക്കണം ക്രിസ്ത്യാനിയുടെ മുഖമുദ്ര. എക്യുമെനിക്കൽ രംഗങ്ങളിൽ മാർ ക്ലീമ്മീസ് തിരുമേനിയുടെ സംഭാവനകൾ അതുല്യമായിരുന്നു. ഇതര സമൂഹങ്ങളുടെ സന്ദിഗ്ധഘട്ടങ്ങളിൽ ക്രിസ്തുവിൽ ഒരു സഹോദരനെപ്പോലെ കൂട്ടായ്മയുടെ സ്നേഹം പങ്കുവച്ച ശ്രേഷ്ഠനായ പിതാവായിരുന്നു പുണ്യശ്ലോകനായ തിരുമേനി. സാമൂഹിക പ്രശ്നങ്ങളെ ക്രിയാത്മകമായി സമീപിച്ച് സഭയുടെ അതിർവരമ്പുകൾക്കപ്പുറം സഞ്ചരിച്ച ഋഷിശ്രേഷ്ഠനായിരുന്നു മാർ ക്ലീമ്മീസ്. അരനൂറ്റാണ്ടുമുമ്പ് ക്നാനായ സമുദായത്തിൽ ഇടവകപട്ടക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ദീർഘകാലം ഒരു പള്ളിയിൽ ഒരു വൈദികൻ ശുശ്രൂഷിച്ചാൽ കലഹങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത ഏറെയാണ്. വൈദികവിദ്യാർത്ഥികളെ സെമിനാരിയിൽ അഭി. തിരുമേനി താമസിപ്പിച്ചതിനുശേഷം വൈദിക സെമിനാരിയിൽ അയച്ചു പഠിപ്പിച്ചു. പള്ളികൾക്കു വേണ്ടി പട്ടം കൊടുക്കുന്ന രീതി അവസാനിപ്പിച്ചു. ഡിഗ്രിയും ദൈവശാസ്ത്ര ബിരുദവുമുള്ള വൈദികരുടെ നീണ്ടനിര സൃഷ്ടിക്കുവാൻ അഭി. തിരുമേനി ശ്രദ്ധിച്ചു. അഭ്യസ്തവിദ്യരും മുഴുവൻ സമയവും സമുദായത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്ന വൈദികസമൂഹത്തെ രൂപകല്പന ചെയ്തു. വൈദികർക്ക് ട്രാൻസ്ഫർ സംവിധാനവും കേന്ദ്രീകൃത ശമ്പള സ്കീം നടപ്പിലാക്കുകയും ചെയ്തു.

ക്നാനായ സമുദായത്തിന്റെ കെട്ടുറപ്പിലും സ്വാതന്ത്ര്യത്തിലും ആർക്കും കൈകടത്തുവാൻ സാധിക്കാതെ, ആവശ്യമായ പരിരക്ഷ നൽകുവാൻ അഭി. ക്ലീമ്മീസ് തിരുമേനിക്ക് സാധിച്ചു. ക്നാനായ സമുദായത്തെ ഒരു സ്വതന്ത്ര സമുദായമായി നിലനിർത്തി. ക്നാനായ സമുദായത്തിന്റെ പ്രത്യേക സ്വഭാവത്തെയും നടപടികളെയും എല്ലാവരും ആദരിക്കുകയും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ അസ്ഥിരപ്പെടുത്തുന്ന ശ്രമങ്ങൾക്കെതിരെ ജാഗ്രതയോടെ ആയിരിക്കുവാൻ വന്ദ്യപിതാവിന്റെ സ്മരണകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. സമുദായത്തിൽ ഉണ്ടായ അഭിപ്രായവ്യത്യാസങ്ങളും കേസുകളും മൂലം പ്രതിഭാധനനായ പുണ്യപിതാവിന്റെ കഴിവുകൾ നമുക്ക് വിനിയോഗിക്കുവാൻ കഴിഞ്ഞില്ല. ഏതു കാറ്റും കോളും വന്ന് ആഞ്ഞടിച്ചാലും ക്നാനായ സമുദായം ഉറച്ചപാറ പോലെ അചഞ്ചലമായി നിൽക്കും എന്ന വിശ്വാസം വളർത്തിയെടുക്കാൻ സാധിച്ചതിന് പ്രചോദനം പുണ്യശ്ലോകനായ തിരുമേനിയാണ്. സമുദായത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുവാൻ ആ പുണ്യാത്മാവിനു കഴിഞ്ഞു.

എതിരാളികളെ പലപ്പോഴും അത്ഭുതപരതന്ത്രരാക്കുന്ന പ്രവർത്തനമായിരുന്നു മാർ ക്ലീമ്മീസിന്റെ നേതൃത്വം. തിരുമേനിയെ എതിർത്തവർ പോലും അദ്ദേഹത്തിന്റെ നേതൃത്വപാടവത്തെ അംഗീകരിക്കുന്നു. നിശ്ചയദാർഢ്യത്തിന്റെ ദൃഷ്ടാന്തമായിരുന്നു തിരുമേനി. ബുദ്ധിശക്തിയിലും കൃത്യനിഷ്ഠയിലും ഭരണപാടവത്തിലും അജഗണപാലനത്തിലും പുതിയ ആശയങ്ങൾ കണ്ടെത്തി വിജയം കൈവരിച്ച ശ്രേഷ്ഠ ഇടയനായിരുന്നു മാർ ക്ലീമ്മീസ്. അബ്രഹാമിനെപ്പോലെ വിശ്വാസിയും മോശയെപ്പോലെ അതികായനായ നേതാവും ദാവീദിനെപ്പോലെ സ്തുതിഗായകനും ശലോമോനെപ്പോലെ ജ്ഞാനിയും യൗസേഫിനെപ്പോലെ പാരമ്പര്യമുള്ളതും പൗലോസിനെപ്പോലെ വാഗ്മിയും പത്രോസിനെപ്പോലെ ഉറച്ച പാറയുമായ മാർ ക്ലീമ്മീസ് വലിയമെത്രാപ്പോലീത്ത ദൈവസന്നിധിയിലേയ്ക്ക് എടുക്കപ്പെട്ടിട്ട് 19 വർഷങ്ങൾ പിന്നിടുന്ന ഈ സന്ദർഭത്തിൽ അവിടുത്തെ തൃക്കരങ്ങളാൽ പൗരോഹിത്യപദവിയിലേയ്ക്ക് ഉയർത്തപ്പെട്ട ആത്മീയപുത്രന്റെ സ്മരണാഞ്ജലികൾ.

‘ദൈവത്തിന്റെ ആചാര്യ, സമാധാനത്തോടെ വസിക്ക’




# മാറാനായ പെരുന്നാളുകൾ എന്നാൽ എന്ത്? അവ ഏവ?

മാറാനായ പെരുന്നാളുകൾ എന്നു പറഞ്ഞാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു മശിഹായുടെ രക്ഷാകരമായ പ്രവർത്തനങ്ങളുടെ പെരുന്നാളുകളും അതുപോലെ തന്നെ കണക്കിടേണ്ട പെരുന്നാളുകളും ആകുന്നു. മാറാനായ പെരുന്നാളുകൾ മൂന്നു തരത്തിലുണ്ട്.

ഒന്നാം തരത്തിലുള്ളത് നമ്മുടെ കർത്താവുമായി നേരിട്ട് ബന്ധമുള്ളവയാണ്. ആ പെരുന്നാളുകളിൽ എല്ലാ വിശ്വാസികളും ഞായറാഴ്ചയിലെപ്പോലെ പള്ളിയിൽ ഹാജരായി ദിവ്യ ശുശ്രൂഷകളിലും വേദവായനയിലും ധ്യാനത്തിലും സംബന്ധിക്കേണ്ടതും ലൗകിക മേഖലകളിൽ നിന്ന് ഒഴിഞ്ഞു നിൽക്കേണ്ടതും ആകുന്നു.

1. നമ്മുടെ കർത്താവിന്റെ ചേലാകർമ്മപ്പെരുന്നാൾ (ജനുവരി 1)
2. നമ്മുടെ കർത്താവിന്റെ ദനഹാ (സ്നാനം) പ്പെരുന്നാൾ (ജനുവരി 6)
3. കർത്താവിന്റെ ദൈവാലയ പ്രവേശനം (മായൽത്തോ) (ഫെബ്രുവരി 2)
4. പാതിനോമ്പിലെ സ്ലീബാപ്പെരുന്നാൾ
5. വലിയ നോമ്പിലെ നാല്പതാം വെള്ളിയാഴ്ച
6. ഊശാനപ്പെരുന്നാൾ
7. പെസഹാപ്പെരുന്നാൾ
8. കർത്താവിന്റെ കുരിശുമരണപ്പെരുന്നാൾ - ദുഃഖവെള്ളിയാഴ്ച
9. ദുഃഖശനിയാഴ്ച - അറിയിപ്പിന്റെപെരുന്നാൾ
10. നമ്മുടെ കർത്താവിന്റെ ഉയർപ്പുപെരുന്നാൾ (ഈസ്റ്റർ)
11. ദൈവമാതാവിനോടുള്ള അറിയിപ്പ് (വചനിപ്പ്)
12. സ്വർഗ്ഗാരോഹണപ്പെരുന്നാൾ
13. പെന്തിക്കോസ്തിപ്പെരുന്നാൾ
14. കൂടാരപ്പെരുന്നാൾ (ഓഗസ്റ്റ് 6)
15. സ്ലീബാപ്പെരുന്നാൾ (സെപ്തംബർ 14)
16. നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ (ഡിസംബർ 25)

രണ്ടാം തരത്തിലുള്ള മാറാനായപ്പെരുന്നാളുകൾ കർത്താവുമായി നേരിട്ട് ബന്ധപ്പെട്ടതല്ലെങ്കിലും ഒന്നാം തരത്തിലുള്ള മാറാനായപ്പെരുന്നാളുകൾ പോലെ കണക്കിടേണ്ടതും ലോകവേലകളിൽ നിന്ന് ഒഴിഞ്ഞ് ദൈവാലയത്തിൽ ഹാജരായി ദിവ്യ ശുശ്രൂഷകളിൽ സംബന്ധിക്കേണ്ടതാണ്. ഇവ മിക്കവയും നോമ്പുകൾ വീടുമ്പോൾ ഉള്ളതാകയാൽ ആ ദിവസങ്ങളിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ മാത്രമേ നോമ്പ് പൂർണ്ണമാകയുള്ളൂ.

1. മൂന്നു നോമ്പിന്റെ ബുധനാഴ്ചയും, വ്യാഴാഴ്ചയും
2. ജൂൺ 29 - ശ്ലീഹാനോമ്പ് വീടൽ
3. ജൂൺ 30 - പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ
4. ഓഗസ്റ്റ് 15 - ശൂനോയോപ്പെരുന്നാൾ (മാതാവിന്റെ വാങ്ങിപ്പ്)

**മൂന്നാം തരത്തിലുള്ള മാറാനായപ്പെരുന്നാളുകൾ**

കർത്താവിന്റെയല്ലെങ്കിലും മാറാനായപ്പെരുന്നാളുകളെപ്പോലെ കണക്കിടേണ്ടതും വി. കുർബ്ബാനയിലും ശുശ്രൂഷകളിലും പങ്കെടുക്കേതാണ്. ഈ ദിവസങ്ങളിൽ ലൗകികവേലകൾ ചെയ്താൽ അത് കുറ്റകരമായിരിക്കുകയില്ല.

1. ജനുവരി 15 - (വിത്തുകൾക്കുവേണ്ടി മാതാവിന്റെ ഓർമ്മ)
2. വലിയ നോമ്പിലെ ആദ്യ ശനിയാഴ്ച
3. മാർച്ച് 9 - നാല്പതു സഹദേന്മാരുടെ ഓർമ്മ
4. ഉയർപ്പിനു ശേഷമുള്ള ഹെവോറോ നാളുകൾ
5. മെയ് 15 - കതിരുകൾക്കുവേണ്ടി ദൈവമാതാവിന്റെ ഓർമ്മ
6. ജൂലൈ 3 - മാർ തോമ്മാശ്ലീഹായുടെ ഓർമ്മ
7. ജൂലൈ 15 - മോർ കുറിയാക്കോസ് സഹദായുടെ ഓർമ്മ
8. സെപ്തംബർ 8 - ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ
9. നവംബർ 21 - ദൈവമാതാവിന്റെ ദൈവാലയപ്രവേശനം
10. ഡിസംബർ 26 - മാതാവിന്റെ പുകഴ്ചപ്പെരുന്നാൾ
11. ഡിസംബർ 27 - ശിശുവധപ്പെരുന്നാൾ

ഇവ കൂടാതെ ശ്ലീഹന്മാരുടേയും, നിബിയന്മാരുടെയും, സഹദേന്മാരുടെയും, പരിശുദ്ധന്മാരുടെയും ഒക്കെ ഓർമ്മ ദിവസങ്ങൾ മൂന്നാം തരത്തിലുള്ള മാറാനായപ്പെരുന്നാളുകളായി കണക്കിടേണ്ടതാണ്.

മേല്പറഞ്ഞ മൂന്നിലേതെങ്കിലും തരത്തിലുള്ള മാറാനായപ്പെരുന്നാളുകൾ ബുധനാഴ്ചയോ വെള്ളിയാഴ്ചയോ ആയി വന്നാൽ അന്ന് നോമ്പു വേണ്ടെന്നും മാംസം മുതലായവ ഭക്ഷിക്കാവുന്നതുമാണ്. എന്നാൽ ഭക്ഷണം ഒഴിച്ചുള്ള കാര്യങ്ങളിൽ വ്രതം ഉണ്ടായിരിക്കുന്നതാണ്.

ഞായറാഴ്ച ദിവസങ്ങൾ ഒന്നാം തരത്തിലുള്ള മാറാനായപ്പെരുന്നാൾ ആണെന്ന് ഏവർക്കും അറിവുള്ളതാകയാൽ മേൽപ്പറഞ്ഞ ലിസ്റ്റിൽ പ്രത്യേകം പറഞ്ഞിട്ടില്ലെന്നു മാത്രം.

# സ്നേഹഭവന ശുദ്ധീകരണ കൂദാശ



വള്ളംകുളം സെന്റ് ജോർജ് ക്നാനായ പള്ളി ഇടവകയിൽപ്പെട്ട ശ്രീ. ജോയ് ഏബ്രഹാമിനും കുടുംബത്തിനും വേണ്ടി ബഹറിനിൽ ഉള്ള **ശ്രീ. ബാബു ഏബ്രഹാം & ശ്രീമതി. റൂബി ഏബ്രഹാം പട്ടുകാലായിലും** കൂടി നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ ശുദ്ധീകരണ കൂദാശ ക്നാനായ സമുദായ മെത്രാപ്പോലീത്ത **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** നിർവഹിച്ചു.

ശ്രീമതി. റൂബി ഏബ്രഹാം സീതത്തോട് മുള്ളാനിയിൽ കുടുംബാംഗമാണ്.

കല്ലിശ്ശേരി മേഖലയുടെ **അഭി. കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയും** റാന്നി മേഖലയുടെ **അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തയും** ഈ ഭവനം സന്ദർശിച്ച് ആശീർവദിച്ചു.

ക്നാനായ സമുദായത്തിന്റെ വികാരി ജനറാൾ ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, വള്ളംകുളം സെന്റ് ജോർജ് ക്നാനായ പള്ളി വികാരി ഫാ. ഷെറിൻ കൊല്ലംപറമ്പിൽ, ഫാ. ലിജോ പട്ടുകാലായിൽ, ഫാ. ഷിജു കല്ലേലിൽ, സമുദായ സെക്രട്ടറി റ്റി.ഓ.ഏബ്രഹാം തോട്ടത്തിൽ, മുൻ സമുദായ സെക്രട്ടറി തമ്പാൻ തോമസ് കോളഭാഗത്ത്, ക്നാനായ കോൺഗ്രസ് മുൻ ജനറൽ സെക്രട്ടറി ഡോക്ടർ റീബു കണ്ണൻകേരിൽ, കോൺട്രാക്ടർ സണ്ണി മലയശ്ശേരിൽ എന്നിവർ സംബന്ധിച്ചു.

കോർഡിനേറ്റർ: തമ്പാൻ തോമസ് കോളഭാഗത്ത്

# കൊടുങ്ങല്ലൂർ ക്നാനായ പൈതൃക സ്മാരക കൂദാശയും ഉദ്ഘാടനവും



# കൊടുങ്ങല്ലൂർ ക്നാനായ പൈതൃക സ്മാരക കൂദാശയും ഉദ്ഘാടനവും



## 1st Wedding Anniversary
24-09-2021



Mr. Roney George Zachariah &
Mrs. Jimesha Thomas

## 40th Wedding Anniversary
06-09-2021



Mr. George Zachariah &
Mrs. Jainamma Zachariah

**Maliyil House, Mannar**

Thank you Lord for your Countless Blessings

Advt -O

## Hearty Congratulations & Praise the Lord



**Dr. Rena Sara James, MBBS, MD, Pediatrics**

Advt -O

**With Hearts of gratitude for God's amazing grace, We proudly announce that Dr. Rena Sara James (MBBS), has successfully completed her MD in Paediatrics from Rajiv Gandhi University, Karnataka.**
**She is the eldest daughter of Mr. James K.T. & Mrs. Sosamma James, Kunnuthara who are members of St. John's Knanaya Church, Chingavanam and She is married to Dr. Lit Joy (Ms ENT), Palanthara member of St. Marys Knanaya Church Eraviperoor.**

## 50-ാം വിവാഹ വാർഷികം
05-09-2021



**ശോശാമ്മ എബ്രഹാം & എബ്രഹാം എ.കെ.**

**ആശാരിമുറിയിൽ, ഇരവിപേരൂർ**

ഇത്രത്തോളം സഹായിച്ചു വഴിനടത്തിയ ദൈവത്തിനു
ആയിരം ആയിരം നന്ദി അർപ്പിച്ചുകൊണ്ട്

With Best Compliments from
Biju, Soni, Reuben & Gisele
Binu, Mary, Sam & Steve

Advt -S

# ഈ നിമിഷത്തിൽ ജീവിക്കാം ആസ്വദിക്കാം!



**സുനിൽ ഡി. കുരുവിള**

"ഈ നിമിഷത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും അത് ആസ്വദിക്കാനും കഴിയുന്നത് നിങ്ങളുടെ മാനസിക നിലവാരത്തിന്റെ ഗുണമേന്മയാണ് സൂചിപ്പിക്കുന്നത്." **Insight Mission**

മാനസിക പിരിമുറുക്കവും ആകലതയും ചെറിയതോതിലൊക്കെ സ്വാഭാവികമാണ്. Its normal. ഒരു പരിധിവരെ അത് നമ്മളെ കൂടുതൽ തയ്യാറെടുക്കാനും ആസൂത്രണം ചെയ്യാനും ഒക്കെ പ്രേരിപ്പിക്കും. ചിലപ്പോൾ അത് വലിയ ലക്ഷ്യങ്ങൾ നേടാൻ സഹായവും ആയേക്കാം. എന്നാൽ അത് അതിരുകടക്കാതെ നോക്കണം.

ഇന്നലയെക്കുറിച്ചുള്ള ചിന്തകളും നാളെയെക്കുറിച്ചുള്ള ആകുലതകളും പലപ്പോഴും കവർന്നെടുക്കുന്നത് വർത്തമാന കാലത്തിന്റെ (ഇന്നിന്റെ) സ്വസ്ഥതയും കൊച്ചുസന്തോഷങ്ങളുമാണ്.

മാറ്റിവെയ്ക്കുന്ന ശീലം ഇവിടെ വലിയ ഒരു വില്ലൻ ആണ്. ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും മുന്നേ മുന്നേ ചെയ്തു തീർത്തു ശീലിക്കണം. 'Do it yesterday policy' ഇതാണ് ആധുനിക ജീവിതത്തിൽ പുലർത്താവുന്ന ശീലം. ഇന്ന് ചെയ്യേണ്ടത് ഇന്നലെ തന്നെ കഴിയുമെങ്കിൽ ചെയ്തു തീർക്കുക. ഇത് അനാവശ്യ tension ഉം anxiety യും ഒഴിവാക്കാൻ സഹായിക്കും.

വ്യക്തിത്വ വികസനം ചെറുപ്പം മുതലേ ഒരു ജീവിത പ്രക്രിയയാകണം. ഉയർന്ന ആത്മവിശ്വാസം, ആശയവിനിമയ പാടവം, ആൾക്കാരുമായി ഇടപെടാനുള്ള കഴിവ്, തീരുമാനശേഷി, പ്രശ്നപരിഹാരശേഷി ഒക്കെ നിരന്തരമായി ഉയർത്തിക്കൊണ്ടുവരണം.

അവനവനെ ഇഷ്ടപ്പെടാനും ബഹുമാനിക്കാനും ശീലിക്കണം. മറിച്ചു കാരണങ്ങൾ ഉണ്ടെങ്കിൽ അതിനെ പരിഹരിക്കണം. ആത്മാഭിമാനം ഉയരുമ്പോൾ ജീവിതത്തിന്റെ താളവും മെച്ചപ്പെടും. നമ്മുടെ ജീവിതത്തെ ഇഷ്ടപ്പെടാനും അതിൽ അഭിമാനം കണ്ടെത്താനും കഴിയണം. ദൈവം ഓരോരുത്തർക്കും ജീവിതത്തിൽ ഓരോ റോൾ തരും. അത് ഭംഗിയായി അവതരിപ്പിക്കാനുള്ള താഴ്മയും വിനയവും നന്ദിയും അഭിമാനവും കണ്ടെത്താൻ കഴിയുന്നത് വലിയ ജ്ഞാനമാണ്.

ചെയ്യുന്ന തൊഴിൽ ഇഷ്ടത്തോടെ ചെയ്യണം. മദർ തെരേസ ഒരിക്കൽ ഓർമ്മിപ്പിച്ചതുപോലെ, "എല്ലാവർക്കും വലിയ കാര്യങ്ങൾ ചെയ്യാൻ അവസരം കിട്ടണം എന്നില്ല. എന്നാൽ എല്ലാവർക്കും ചെറിയ കാര്യങ്ങളെ വലിയ ഇഷ്ടത്തോടെയും സ്നേഹത്തോടെയും ചെയ്യാൻ കഴിയും." അവിടെയാണ് ജീവിതത്തിന്റെ മഹത്വം! ഇത് തന്നെയാണ് നമ്മുടെ കുടുംബ ബന്ധങ്ങളിലും വ്യക്തിബന്ധങ്ങളിലും ഒക്കെ പാലിക്കേണ്ട മര്യാദ. എല്ലാവരെയും വിലയുള്ളവരായും അർത്ഥമുള്ളവരായും കാണാനും സ്നേഹിക്കാനും ശീലിക്കണം. ആരെയും നിസ്സാരമായോ വിലയില്ലാത്തവരായോ കാണരുത്. നല്ല സൗഹൃദങ്ങളും സാമൂഹിക ബന്ധങ്ങളും ഉള്ളവർക്ക് ആകുലതകൾ കുറവായിരിക്കും. സുരക്ഷിതത്വം പൊതുവെ കൂടുതൽ ആയിരിക്കുകയും ചെയ്യും.

മറ്റുള്ളവരെ സഹായിക്കാനും ആവശ്യമുള്ളപ്പോൾ സഹായം മറ്റള്ളവരിൽനിന്ന് സ്വീകരിക്കാനും മടികാണിക്കേണ്ടതില്ല! സ്വതന്ത്രരാവുന്നതുപോലെ പ്രധാനമാണ് പരസ്പര ആശ്രയത്വം നിലനിർത്തേണ്ടതും.

നമ്മളെക്കാളും പ്രയാസം അനുഭവിക്കുന്നവരെ ഒക്കെ കാണുകയും അറിയുകയും സഹായിക്കുകയും ചെയ്യുമ്പോൾ വലിയ തിരിച്ചറിവാണ് ലഭിക്കുക. നമ്മുടെ tension ഉം ആകുലതകളും എത്ര ബാലിശമാണെന്ന വലിയ തിരിച്ചറിവ് Always ready to reach out.

പെട്ടെന്നുള്ള സംഭവവികാസങ്ങൾ, നഷ്ടങ്ങൾ, രോഗങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ, വീഴ്ചകൾ, തെറ്റുകൾ ഒക്കെ നമ്മെ വലിയ ആത്മസംഘർഷത്തിലേക്കും ദുഃഖത്തിലേക്കും ആകുലതയിലേക്കും ഒക്കെ നയിച്ചേക്കാം. എന്നാൽ അത് ജീവിതത്തിൽ നീണ്ടുനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. പ്രാർത്ഥനയും പ്രത്യാശയും പ്രവർത്തനവും പൊരുത്തപ്പെടലും (accepting reality) ഒക്കെ തുടർന്നുകൊണ്ടേയിരിക്കുക... നമ്മൾ അതിജീവിക്കും!

വ്യായാമം meditation യോഗ പ്രാർത്ഥന hobbies ഒക്കെ ജീവിതത്തിൽ നിത്യേന നിലനിർത്താവുന്ന മനോഹരമായ ശീലങ്ങളാണ്. വായനയും അങ്ങനെതന്നെ. കൊച്ചു കൊച്ചു സന്തോഷങ്ങൾ, ഇഷ്ടങ്ങൾ വിനോദങ്ങൾ ഒക്കെ ജീവിതത്തിൽ പരിപാലിക്കാൻ മറക്കേണ്ട.

എന്റെ അമ്മച്ചി പറഞ്ഞതുപോലെ, "ആ കുഴിമന്തി ഒന്ന് കഴിക്കണം.!"

ഒരു പ്രായമായ അപ്പച്ചന്റെ വായിൽ ഒരു കോലുമുട്ടായി കണ്ടു ചോദിച്ചു, "ഈ പ്രായത്തിലും..?

"പിന്നല്ലാതെ, ഒന്ന് ചെറുപ്പമാകാൻ തീരുമാനിച്ചു."

പ്രായത്തിനോ സാഹചര്യത്തിനോ അടിമപ്പെടേണ്ടതില്ല.. ഒരു നിശബ്ദപോരാട്ടം നിലനിർത്താം! എനിക്ക് എന്താണ് വേണ്ടത്... നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും വികാരങ്ങളും ഒക്കെ മറ്റുള്ളവരോട് ആശയവിനിമയം ചെയ്യാൻ ധൈര്യം ആർജ്ജിക്കണം. Life is beautiful! ശീലങ്ങളെ positive ആയി പുനർക്രമീകരിക്കാം. ഒന്നിനോടും ആസക്തി (addiction) വേണ്ട, അതൊരു കീഴടങ്ങൽ ആണ്.

അമിതമായി കാപ്പി കുടിക്കുന്നത് tension വർദ്ധിപ്പിച്ചേക്കാം. പുകവലി, മദ്യപാനം, അമിതമായ സ്മാർട്ട്ഫോൺ ഉപയോഗം ഒക്കെ വൈകാരിക- മാനസിക ആരോഗ്യം കുറക്കാം... ജീവിതത്തിൽ ഒരു ചിട്ടയും ക്രമവും അച്ചടക്കവും മിതത്വവും ലാളിത്യവും ഒക്കെയുള്ളവർ പൊതുവെ tension

കുറവുള്ളവരും കൂടുതൽ ജീവിതത്തെ ആസ്വദിക്കുന്നവരും ആയിരിക്കും.

നമ്മുടെ മുൻപിലുള്ള നിമിഷത്തെ – ദിവസത്തെ ആസ്വദിക്കാൻ കഴിയാത്ത അവസ്ഥകൾ നാം തന്നെ കണ്ടെത്തി പരിഹരിക്കണം.

ഗീതയിൽ പറയുംപോലെ, "ഇന്നലെ എന്നത് ചരിത്രവും നാളെ എന്നത് സ്വപ്നവും ആണ്.. ഇന്നാണ് ആസ്വദിക്കേണ്ടത്– ജീവിക്കേണ്ടത്.. ഇന്നാണ് സത്യം!"

'No' പറയേണ്ടടത്തു പറയാൻ ശീലിക്കാം.

വിമർശനങ്ങളെ പോസിറ്റീവ് ആയി എടുക്കാം. എപ്പോഴും സുഖിപ്പിക്കുന്നവരുടെയും സ്തുതിപാടകരുടെയും ഇടയിൽ മാത്രം ജീവിക്കാതിരിക്കാം. വിമർശനങ്ങൾ വളർച്ചക്കും രൂപാന്തരത്തിനും അനിവാര്യമാണ്. സാഹചര്യങ്ങളുമായും വെല്ലുവിളികളുമായും പ്രതിസന്ധികളുമായും മനുഷ്യരുമായും ഒക്കെ പൊരുത്തപ്പെടാൻ സഹകരിക്കാൻ ആവശ്യമെങ്കിൽ വഴങ്ങാൻ ഒക്കെ ശീലിക്കാം. ഇതെല്ലാം ഈ നിമിഷത്തെ ആനന്ദകരമാക്കാൻ സഹായിക്കും.

തോൽക്കുമോ വീഴുമോ എന്നോർത്ത് അമിതമായി ഭയപ്പെടേണ്ടതില്ല?

No pain no gain. ഒരു കയറ്റമുണ്ടെങ്കിൽ ഒരു ഇറക്കവും സംഭവിക്കാം. തോൽക്കാൻ ഭയക്കുന്നവന് എങ്ങനെയാണ് ആത്യന്തികമായി ജയിക്കാൻ കഴിയുക? എല്ലാം balanced ആയി കാണാൻ കഴിയണം.

അമിതമായ ദുരഭിമാനവും ഈഗോയും ഒക്കെ stress വർദ്ധിപ്പിക്കും, സംശയം വേണ്ട. "ഭയം അടിമത്തമാണ്... വിശ്വാസവും ധൈര്യവുമാണ് യഥാർത്ഥ്യ ധന്യത!" Insight Mission

'എല്ലാടത്തും ഞാൻ വേണം'... 'എല്ലാം എന്റെ തലയിൽ കൂടിയാണ് പോകുന്നത്... അത്തരക്കാർ വലിയ മാനസിക സമ്മർദ്ദം അനുഭവിക്കും.

Perfectionism ഒരു തെറ്റാണ്... ഒരു രോഗമാണ്! Practical ആകാൻ ശ്രമിക്കാം. അമിതമായ പ്രതീക്ഷയും ആഗ്രഹങ്ങളും സമ്മർദ്ദം വർദ്ധിപ്പിക്കും. ആർത്തി നാശമാണ്! അതുപോലെ തന്നെയാണ് അലസതയും!

നമ്മുടെ ആകുലതകളുടെ സമ്മർദ്ദങ്ങളുടെ ഉത്ഭവ സ്ഥാനം സമയം ഒക്കെ തിരിച്ചറിയുക.... മികവോടെ കൈകാര്യം ചെയ്യുക. തിരിച്ചറിയുന്നത് തന്നെ വലിയ മികവാണ്. നല്ല സമീകൃതവും പോഷകഗുണവും ചിട്ടയും ആയി ഭക്ഷണശീലം വളർത്തിയെടുക്കുക. നല്ല വിശ്രമം, ഉറക്കം ഏറ്റവും പ്രധാനം. മറ്റു ശാരീരിക രോഗങ്ങളും mental tension ഉം anxiety യും ഒക്കെ വർദ്ധിപ്പിക്കാം.. ആവശ്യമെങ്കിൽ ഒരു ഡോക്ടറെ കാണാൻ മടിക്കേണ്ട

അമിതമായ മാനസിക പിരിമുറുക്കം കൂടുതൽ കാലം നിലനിൽക്കുന്നതു മറ്റു ശാരീരിക മാനസിക രോഗങ്ങൾക്ക് കാരണമായേക്കാം. ഒരു Counselling വിദഗ്ദന്റെയോ Psychologist ന്റെയോ സഹായം തേടാൻ മടിക്കേണ്ടതില്ല.

ഇന്ന് എല്ലാവരും വലിയ 'standard of living' ഒക്കെ നേടിയിട്ടുണ്ട് എന്നാൽ എത്ര പേർ 'quality of living' ആസ്വദിക്കുന്നുണ്ട്? Let's think and reflect.

*സുനിൽ ഡി. കുരുവിള – ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കരിയർ കൗൺസിലറും ആണ്.*

*Cell: +91 9656144712*

*Email - sunil_kuruvilla@rediffmail.com*

*Web site- www.insightmission.org*

## അറിയിപ്പ്

S.S.L.C, Plus Two പരീക്ഷകളിൽ **എല്ലാ വിഷയത്തിനും A+** വാങ്ങിയ കുട്ടികളുടെ ഫോട്ടോ ക്നാനായ ദീപത്തിൽ മുൻവർഷങ്ങളിലെപ്പോലെ പ്രസിദ്ധീകരിക്കുന്നതാണ്. ആയതിലേയ്ക്ക് വികാരിമാർ സാക്ഷ്യപ്പെടുത്തിയ മാർക്ക്ലിസ്റ്റിന്റെ കോപ്പിയും, ഫോട്ടോയും, മേൽവിലാസം സഹിതം ക്നാനായദീപം ഓഫീസിൽ നൽകേണ്ടതാണ്.
E-mail ആയും അയയ്ക്കാവുന്നതാണ്.
E-mail: kna.deepam@gmail.com, whats app No. 8547584440

**ഫാ. ജേക്കബ് കല്ലുകുളം**
(മാനേജിംഗ് എഡിറ്റർ)

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

മനുഷ്യന് ആവശ്യമുള്ളതെല്ലാം അതാതു സമയത്ത് തന്ന് പോഷിപ്പിക്കുവാൻ കർത്താവ് ബാധ്യസ്ഥനാണ്. ദൈവജനത്തിന്റെ ആവശ്യങ്ങളിൽ കണ്ണടച്ചു കളയുന്നവനല്ല നമ്മുടെ കർത്താവ്. പിശാചിന്റെ ഉന്നം ദൈവീക ദാനങ്ങൾ അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കാതിരിക്കത്തക്കവണ്ണം കർത്താവിന്റെ വ്യവസ്ഥകൾ പാലിക്കാതിരിക്കത്തക്കനിലയിൽ നമ്മെ ബന്ധനത്തിലാക്കുക എന്നുള്ളതാണ്. ശത്രുവിന്റെ ലക്ഷ്യം നമുക്ക് കിട്ടിയിരിക്കുന്നതിനെ നശിപ്പിക്കുകയും മോഷ്ടിക്കുകയും ചെയ്യുക എന്നതാണ്. നമ്മുടെ അനുഗ്രഹങ്ങൾ നഷ്ടമായി എന്ന് അറിയുന്ന പക്ഷം ആയതു വീണ്ടെടുക്കുന്നതിനായി ശ്രമിക്കണം. ഈയോബിന്റെയും ദാവീദിന്റെയും ജീവിതം അതിന് ഉദാഹരണമാണ്. തങ്ങളുടെ ജീവിതത്തിൽ നഷ്ടപ്പെട്ടതിനെ ഇരട്ടിയായി വീണ്ടെടുത്തു എന്ന് തിരുവചനം പറയുന്നു. അതുപോലെ പത്രോസിനും ഹൃദയംഗമായ അനുതാപംമൂലം നഷ്ടപ്പെട്ടതു തിരികെ കണ്ടെത്തി. ശത്രുവായവൻ നിങ്ങളുടെ പണം, ആരോഗ്യം, ദൈവത്തിലുള്ള വിശ്വാസം, സന്തോഷം, സമാധാനം എന്നിവ നശിപ്പിച്ചുവോ. ധൈര്യപ്പെടുക കർത്താവ് നിന്നെപ്പറ്റി ഒരു പരിപാടി തയ്യാറാക്കുന്നു. നിന്റെ അവസ്ഥക്ക് അനുസരണമായി അവൻ വഴികളെ തുറന്നു തരുവാൻ അവന്റെ പാദം വീണ് കരഞ്ഞ് പ്രാർത്ഥിക്കുക. ആർക്കും പ്രയോജനമില്ലാത്ത നൈരാശ്യമായതും കയ്പേറിയതുമായ ജീവിതത്തിൽകൂടി നാം മുമ്പോട്ടു പോകുന്നുവെങ്കിൽ ഉപവാസവും പ്രാർത്ഥനയും ആകുന്ന ആയുധം ശത്രുവിനെതിരായി നീ ഉപയോഗിക്കുമ്പോൾ നഷ്ടപ്പെട്ടതിനെ തിരിച്ചെടുക്കുവാൻ സാധിക്കും. വെട്ടുകിളിയും വിട്ടിലും തിന്നുകളഞ്ഞ സംവത്സരങ്ങൾക്ക് പകരം നൽകുന്ന ദൈവം ജീവിക്കുന്നു. യോവേ.–2:25 വിശ്വസിച്ചുകൊണ്ട് ഇപ്പോഴുള്ള പ്രശ്നങ്ങൾ മാറിപ്പോക എന്നു പറഞ്ഞാൽ മാറിപ്പോകും. ആയതിലേക്ക് ദൈവം ഏവരേയും സഹായിക്കട്ടെ.

എന്ന്
**നിങ്ങളുടെ സ്വന്തം റോയി അച്ചൻ**

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**Parenting Patterns (പേരന്റിംഗ് ശൈലികൾ)**

"അച്ചോ, മക്കളെ എങ്ങനെ വളർത്തണമെന്നാണ് അച്ചൻ പറഞ്ഞു വരുന്നത്. അടിച്ചു വളർത്തിയില്ലെങ്കിൽ കുറ്റം, അടിച്ചാൽ കുറ്റം. കുട്ടികൾ തെറ്റായ വഴിയിലൂടെ പോയാൽ വളർത്തുദോഷം എന്നു പറയും. കുട്ടികളെ ശിക്ഷിച്ചാലോ പീഡിപ്പിരുന്നുവെന്നു പറയും. ഇക്കാലത്ത് കുട്ടികളെ എങ്ങനെ വളർത്തണമെന്നുള്ളതിൽ എന്നെപ്പോലെ മാതാപിതാക്കൾ ആശയക്കുഴപ്പത്തിലാണ്".

"ജോജോയുടെ വാക്കുകൾ എല്ലാ മാതാപിതാക്കളും ശരിവയ്ക്കുന്നതാണ്". അച്ചൻ പറഞ്ഞു തുടങ്ങി. ഞാൻ വിവിധ തരത്തിലുള്ള പേരന്റിംഗ് ശൈലികളെക്കുറിച്ച് പറയാം. നിങ്ങൾ യുക്തമെന്ന് തോന്നുന്നത് തെരഞ്ഞെടുത്തു കൊള്ളുക. ഞാൻ പറയാൻ പോകുന്ന ശൈലികൾ ഇന്നു നമ്മുടെ സമൂഹത്തിൽ നാം അവലംബിക്കുന്നവയാണ്. തെരഞ്ഞെടുക്കുവാനുള്ള അവകാശം നിങ്ങൾക്കുണ്ട്.

'ജോജോച്ചാച്ചാ, ഇതിലെന്ത് ആശയക്കുഴപ്പമിരിക്കുന്നു. പിള്ളാരെ വളർത്തുന്നത് അത്രയ്ക്ക് ബുദ്ധിയുള്ള കാര്യമാണോ'?

ടോണി ചോദിച്ച ഉടനെ ജോജോ മറുപടി പറഞ്ഞു: "ടോണി, നിനക്ക് ആകെപ്പാടെ ആറുമാസം മാത്രം പ്രായമുള്ള ഒരു പൊടിയല്ലെയുള്ളൂ. എന്റെ മോൻ ബുദ്ധിമുട്ടൊന്നും അറിഞ്ഞു തുടങ്ങിയില്ലല്ലോ. വഴിയെ അറിഞ്ഞുകൊള്ളും".

"അത് ശരിയാ നിങ്ങളൊക്കെ പിള്ളാരെ വളർത്തി ഒരു വഴിക്കാകുമ്പോൾ അത് കണ്ട് പഠിച്ച് ഞാൻ എന്റെ കൊച്ചിനെ ശരിയായിട്ട് വളർത്തിക്കൊള്ളാം. ടോണിയുടെ തിരിച്ചടി എല്ലാവരും ആസ്വദിച്ചു.

"അതിന് ടോണിച്ചായൻ എന്തറിയുന്നു? കുഞ്ഞിനെ വളർത്തുന്നതിന്റെ ബുദ്ധിമുട്ട് അങ്ങേർക്ക് എന്തറിയാം? മമ്മി കൂടിയില്ലായിരുന്നെങ്കിൽ എന്റെ ചീട്ടു കീറിയേനെ. ആറു മാസമെ ആയിട്ടുള്ളൂ. അപ്പനെക്കാൾ കുരുത്തം കെട്ടവിത്താണ്".

ഇതുവരെ ഒന്നു പറഞ്ഞിട്ടില്ലാത്ത ടോണിയുടെ ഭാര്യ ജീന പടക്കം പൊട്ടിച്ചപ്പോൾ ഒരു കൂട്ടച്ചിരിയായിരുന്നു.

"എന്റെ പൊന്നു ജീനാ, എന്നെ പബ്ളിക്ക് ആയിട്ട് പൊട്ടിച്ചുകളഞ്ഞല്ലോ".

ടോണിയുടെ നിസ്സഹായവസ്ഥയിലുള്ള മറുപടി കേട്ട് സദസ്സ് വീണ്ടും പൊട്ടിച്ചിരിച്ചു.

സദസ്സ് ഉഷാറായത് കണ്ട് അച്ചന് സന്തോഷമായി. അച്ചൻ പറഞ്ഞു തുടങ്ങി.

ഇന്നത്തെ അവസാന സെഷനിലേയ്ക്ക് നിങ്ങളെ ക്ഷണിക്കുന്നു. വിവിധ പേരന്റിംഗ് ശൈലികളെക്കുറിച്ച് നിങ്ങളോട് സംസാരിച്ചുകൊണ്ട് ഇന്നത്തെ പ്രോഗ്രാം അവസാനിപ്പിക്കാം. പേരന്റിംഗിന്റെ ബാക്കിഭാഗം അടുത്ത കൂട്ടായ്മയിൽ ചർച്ച ചെയ്യാം. ഇന്ന് വാഗമണ്ണിലെ ചില സുന്ദര കാഴ്ചകൾ കൂടി കണ്ട് സന്ധ്യയ്ക്ക് മുൻപ് നമ്മുടെ മടക്കയാത്ര ആരംഭിക്കാം.

"ഇന്ത്യയുടെ വികസനം മാതാപിതാക്കളുടെ കരങ്ങളിലാണ്. ഭാരതത്തിന്റെ ഭാവി നിങ്ങളുടെ മടിത്തട്ടിൽ ഉറങ്ങുന്നു. ഇന്ത്യയുടെ പുതുതലമുറയെ ധീരരും സ്വാഭിമാനികളും ദൈവവിശ്വാസികളും ലളിതജീവിതം നയിക്കുന്നവരുമായി അവരെ മാതാപിതാക്കൾക്ക് വാർത്തെടുക്കാം". (മഹാത്മാ ഗാന്ധി)

**1. ഏകാധിപത്യ ശൈലി** (Authoritarian Parenting)

കർശന നിലപാടുള്ള മാതാപിതാക്കളുടെ പേരന്റിംഗ് ശൈലിയാണിത്. അവർ ആശയങ്ങൾ മക്കളുടെമേൽ അടിച്ചേൽപ്പിക്കുന്നു. അധീശത്വ മനോഭാവമാണ് അങ്ങനെയുള്ളവർക്ക് കൈമുതലായിട്ടുള്ളത്. മക്കളുടെ ചിന്താഗതികളെ അപക്വമായി കാണുന്നു. പക്വതയില്ലാത്ത മക്കളുടെ ആശയങ്ങൾ അബദ്ധത്തിലേയ്ക്ക് നയിക്കുന്നുവെന്നാണ് അങ്ങനെയുള്ളവരുടെ അഭിപ്രായം. അതുകൊണ്ട് അവർ മക്കളെ 'വരച്ച വരയിൽ നിർത്തും'.

"ഇങ്ങനെയൊന്നും ചെയ്താൽ ശരിയാകില്ല. ഞാൻ പറയുന്നതുപോലെ പ്രവർത്തിച്ചാലെ വിജയിക്കുകയുള്ളൂ".

'അവർ കുട്ടികളല്ലെ; അവർക്കൊന്നും അറിയില്ല'

അങ്ങനെയുള്ളവർ കുട്ടികളുടെ പഠനവിഷയങ്ങളിൽപ്പോലും കൈകടത്തും. എന്ത് കോഴ്സിന് അവർ പോകണമെന്ന് അവരുടെ മാതാപിതാക്കൾ തീരുമാനമെടുക്കും. അതുകൊണ്ട് അവർക്കിഷ്ടമില്ലാത്ത പഠനവിഷയങ്ങൾ തെരഞ്ഞെടുക്കുവാൻ അവർ നിർബന്ധിതരാകും. കുട്ടികളെ പുറത്ത് കളിക്കുവാൻ പോലും വിടില്ല. വെയിലുകൊള്ളും, ക്ഷീണിക്കും, അസുഖം വരും, വീണു പരുക്കേൽക്കും എന്നൊക്കെയുള്ള ന്യായീകരണങ്ങൾ അവർ നിരത്തും. എപ്പോഴും പഠിച്ചുകൊണ്ടിരിക്കുവാൻ വാശിപിടിക്കും.

ഇങ്ങനെയുള്ള മാതാപിതാക്കൾ കുട്ടികളിൽ നിന്നും ഏറെ കാര്യങ്ങൾ പ്രതീക്ഷിക്കും. എന്നാലും അവരെ അംഗീകരിക്കില്ല. മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് അവർ ഉയർന്നില്ലെങ്കിൽ മാതാപിതാക്കൾ തളർന്നുപോകും, നിരാശരാകും. ചട്ടങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുമെങ്കിലും അവയുടെ പ്രായോഗികവശമോ യുക്തിയോ അവരുടെ ആലോചനയിൽ വരികയില്ല. തങ്ങളുടെ ആശയങ്ങൾ കുട്ടികൾക്ക് യോജിക്കുമോ എന്ന ആശങ്ക അവർക്കില്ല. തങ്ങൾ പറയുന്നത് കുട്ടികൾ അപ്രകാരം അനുസരിച്ചുകൊള്ളണമെന്ന നിർബന്ധബുദ്ധിയാണ് അവർക്ക്. അനുസരിക്കാതിരുന്നാൽ കടുത്ത ശിക്ഷകൾക്ക് കുട്ടികൾ വിധേയരാകും.

ഇങ്ങനെ വളർത്തപ്പെടുന്ന കുട്ടികൾ വിധേയത്വ മനോഭാവവും കഠിനാദ്ധ്വാനികളുമാകാം. പക്ഷെ ജീവിതം ആസ്വദിക്കുവാനോ, സാമൂഹിക രംഗത്ത് ശോഭിക്കുവാനോ, സ്വയം മതിപ്പുള്ളവരാകുവാനോ അവർക്കു കഴിയില്ല. ഇവരും പ്രായമാകുമ്പോൾ പിടിവാശിക്കാരും കടുംപിടുത്തക്കാരുമായേക്കും. സ്നേഹത്തെക്കാൾ പ്രാധാന്യം അച്ചടക്കത്തിനാകുന്നതിനാൽ കരുണയും സ്നേഹവും കരുതലുമൊക്കെ അവരിൽ നിന്നും അന്യമായിപ്പോകും. സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടുന്ന മാതാപിതാക്കളെ പ്രായമാകുമ്പോൾ മക്കൾ പകയോടെയായിരിക്കും കാണുക.

രക്ഷിതാക്കൾ ഏകാധിപതികളാകരുത്. കുട്ടികളെ ബഹുമാനിക്കണം; അവരുടെ വ്യക്തിത്വത്തെ മാനിക്കണം. മക്കൾക്ക് താങ്ങും തണലുമാകണം. അവരെ പിൻതുണയ്ക്കണം. Authoritarian Parenting pattern ന്റെ ഉദാഹരണമാണ് ജർമ്മനിയുടെ സ്വേഛാധിപതിയായിരുന്നു Adolf Hitler ടെ പിതാവ്. കൂടാതെ കഠിനമായി ശിക്ഷിച്ചിരുന്ന പിതാവായിരുന്നു അദ്ദേഹം. ഹിറ്റ്ലർ കരുണാശൂന്യനായതിന്റെ പിന്നിൽ തന്റെ പിതാവിൽ നിന്നും ബാല്യകാലത്തേറ്റ മാനസ്സിക മുറിവുകളാണ് എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രം പഠിപ്പിക്കുന്നു. (തുടരും)


## ST. MARY'S VOICE EVENT'Z

**VELIYANADU**
**PH: 9400753781, 9387613505**

**Chantham Charthu, Mylanchi, Choir**
**Ganamela, Fusion, Margamkali**
**Dance, DJ, Light & Sound**
**Stage Decoration, Photography**
**Car, Catering, Barber, Vadhyamelam etc...**


# സങ്കീർത്തനങ്ങൾ

**ബിജു ഇ.പി. ഇളംപള്ളിൽ**

ആപത്തു വേളകളിൽ – ഞാൻ
അടി പതറീടും നിമിഷം
അവനിൽ ഞാൻ ആശ്രയിക്കും
അപ്പോൾ അവനെന്നെ കരുതീടുന്നു. (2)

ഭയപ്പെടേണ്ട...ഞാൻ നിൻ കൂടെയുണ്ട്
പടകിൽ വച്ചവനെന്നോട് അരുളിയല്ലോ.
പോറ്റിടും ഞാനെന്റെ പൈതലെപ്പോൽ
പുലർത്തിടും ഞാൻ നിന്നെ കുറവില്ലാതെ (2)

വചനത്തിൽ ഞാൻ ഏറ്റം വളർന്നിടുമ്പോൾ
വചനമെന്നെ ചുറ്റും പുണർന്നീടുന്നു
വാഗ്ദത്തങ്ങൾ ഏറെ നൽകിയവൻ
വാക്കുകളിൽ ഏറ്റം വിശ്വസ്ഥനല്ലോ

അവൻ എന്റെ സങ്കേതവും
അവൻ എന്റെ കോട്ടയും താൻ
അവനിൽ ഞാൻ ആശ്രയിക്കും
അപ്പോൾ അവൻ എന്നെ പരിപാലിക്കും

യാഹ് എന്ന നല്ലോരിടയൻ...
എനിക്കൊട്ടും മുട്ടുണ്ടാക്കില്ല... (2)
കൂരിരുൾ തായ് വരയിൽ
ദ്യുതി ഉളവായ് വരും നീ (2)

രാത്രിയിലുളവാകും ഭയത്തിനെയും
പകൽ പരക്കുന്നൊരു വിശിഖത്തെയും
ഭയപ്പെടേണ്ട മുറ്റും ഭയപ്പെടേണ്ട..
കുറവുവരുത്താതവൻ കൂട്ടിനുണ്ട്

അബ്രഹാമിന്റെ ശ്രേഷ്ഠ ദൈവമല്ലയോ
അവൻ ദയ എന്നുമെന്റെ കൂടെയില്ലേയോ
അവന്റെ നാമം നിത്യം വിളിച്ചീടുക
അവന്റെ കൈയ്യിൽ നിത്യം വഹിക്കുംനിന്നെ

സ്തുതിച്ചീടാം അവനെ നാം സ്തോത്രത്താടെ
യഹോവയ്ക്കിന്നാർപ്പിടാം ഘോഷമോടെ
തപ്പോടും തംബുരുവോടും താളത്തോടായി
അവനെ നാം സ്തുതിച്ചിടാം ഒരുമയോടെ

## NAZARETH ASRAMAM, OTHERA
**24.09.2021 to 30.06.2021**

**Donations**

| | |
|---|---|
| Ammalkutty Mathew Plamkoottathil Kottayam | 2000/ |
| Saramma Kurian Kizhakkepurathu Kallissery | 3000/ |
| Sosamma Kavumkal Ranni | 4000/ |

Fr.Mathew Uthuppan Cherukarethu
Secretary/Director

# വി. യോഹന്നാൻ ശ്ലീഹാ - ഒരു പഠനം (തുടർച്ച)

ടോമി കുറിച്ചി

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പീഢാസഹനങ്ങളുടെ സമയത്ത് കൂടെയുണ്ടായിരുന്നവരിൽ പ്രധാനപ്പെട്ട ഒരാൾ യോഹന്നാൻ ആയിരുന്നു. അവൻ സ്നേഹത്തോടെ, സഹതാപത്തോടെ വീരോചിതമായ ധൈര്യത്തോടെ ക്രിസ്തുവിന്റെയും അവന്റെ അമ്മയുടെയും അടുത്തുണ്ടായിരുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ കോപാവേശം പൂണ്ട ജറുശലേം മുഴുവന്റെയും മുന്നിലായിരുന്നു അവൻ. കുരിശുമരണത്തിന്റെ അവസരത്തിൽ പോലും അവൻ സ്വന്തം പേര് വിട്ടുകളയുന്നു. 19-ാം അദ്ധ്യായം 25 -27 വാക്യങ്ങളിൽ മരണാസന്നനായി ക്രൂശിൽ കിടക്കുന്ന ക്രിസ്തുവിന്റെ വാക്കുകൾ ഇപ്രകാരമാണ് യോഹന്നാൻ ഉദ്ധരിക്കുന്നത്.

"യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നില്ക്കുന്നതു കണ്ടിട്ടു: സ്ത്രീയേ ഇതാ നിന്റെ മകൻ എന്നു അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോടു: ഇതാ നിന്റെ അമ്മ എന്നു പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു".

അവൻ പേരില്ലാത്ത ശിഷ്യനാണ്. അവൻ വിളി കിട്ടിയപ്പോൾ മുതൽ അവന് വേറൊരു പേരും വേണ്ട. ശിഷ്യൻ എന്നത് ധാരാളം മതി. അതായിരുന്നു യോഹന്നാൻ ശ്ലീഹാ. തന്റെ ഗുരുവിന്റെ അവസാന നിമിഷങ്ങളിൽ മാതാവിനെ ഭരമേല്പിക്കുന്നത് തന്റെ പ്രിയ ശിഷ്യന്. താൻ സ്നേഹിച്ച ശിഷ്യൻ ഗുരുവിന്റെ മാതാവിനെ മാതാവിന്റെ മരണം വരെ തന്റെ വീട്ടിൽ കൈക്കൊണ്ടു. യേശു അവനോടു പറഞ്ഞ നാഴിക മുതൽ അവളെ തന്റെ മാറോടു ചേർത്തു പിടിച്ചവനായിരുന്നു ആ ശിഷ്യൻ. ഗുരുവിന്റെ ആജ്ഞ അക്ഷരം പ്രതി അനുസരിക്കുന്ന ഒരു ശിഷ്യൻ ദൈവമാതാവിന്റെ സംരക്ഷണ ചുമതലയ്ക്കും ബഹുമതിക്കും പാത്രീഭൂതനായിട്ടും അല്പംപോലും പൊങ്ങിയില്ല, അഹങ്കരിച്ചില്ല അതാണ് വി. യോഹന്നാൻ.

യേശുവിന്റെ പുനരുത്ഥാരണത്തെക്കുറിച്ച് 20-ാം അദ്ധ്യായത്തിൽ വിവരിക്കുന്നതും ശ്രദ്ധേയമാണ്.

"ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ കല്ലറയ്ക്കൽ ചെന്നു. കല്ലറ വാതുക്കൽ നിന്നു കല്ലുനീങ്ങിയിരിക്കുന്നതു കണ്ടു. അവൾ ഓടി ശീമോൻ പത്രോസിന്റെയും യേശുവിനു പ്രിയനായ മറ്റെ ശിഷ്യന്റെയും അടുക്കൽ ചെന്നു. കർത്താവിനെ കല്ലറയിൽ നിന്നും എടുത്തു കൊണ്ടുപോയി. അവനെ എവിടെ വെച്ചു എന്നു ഞങ്ങൾ അറിയുന്നില്ല എന്നു അവരോടു പറഞ്ഞു. അതുകൊണ്ടു പത്രോസും മറ്റെ ശിഷ്യനും പുറപ്പെട്ടു കല്ലറയ്ക്കൽ ചെന്നു. ഇരുവരും ഒന്നിച്ചു ഓടി. മറ്റെ ശിഷ്യൻ പത്രോസിനെക്കാൾ വേഗത്തിൽ ഓടി ആദ്യം കല്ലറയ്ക്കൽ എത്തി കുനിഞ്ഞു നോക്കി. ശീലകൾ കിടക്കുന്നതു കണ്ടു. അകത്തു കടന്നില്ലതാനും. അവന്റെ പിന്നാലെ ശീമോൻ പത്രോസും വന്നു. കല്ലറയിൽ കടന്നു. ശീലകൾ കിടക്കുന്നതും അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടുകൂടെ കിടക്കാതെ വേറിട്ട് ഒരിടത്തു ചുരുട്ടി വെച്ചിരിക്കുന്നതും കണ്ടു. ആദ്യം കല്ലറയ്ക്കൽ എത്തിയ മറ്റെ ശിഷ്യനും അപ്പോൾ അകത്തുചെന്നു കണ്ടു വിശ്വസിച്ചു. അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽക്കേണ്ടതാകുന്നു എന്നുള്ള തിരുവെഴുത്ത് അവർ അതുവരെ അറിഞ്ഞില്ല. അങ്ങനെ ശിഷ്യന്മാർ വീട്ടിലേക്കു മടങ്ങിപ്പോയി.

ഈ തിരുവെഴുത്തിൽ യേശുക്രിസ്തുവിന്റെ ഉയർപ്പുസംഭവത്തെക്കുറിച്ച് വിവരിക്കുമ്പോഴും അവൻ പറയുന്നത് അവൾ ഓടി ശീമോൻ പത്രോസിന്റെയും യേശുവിനു പ്രിയനായ മറ്റെ ശിഷ്യന്റെയും അടുക്കൽ ചെന്ന് ശൂന്യമായ കല്ലറയെക്കുറിച്ച് വിവരിക്കുമ്പോൾ അവൻ പുറത്തിറങ്ങി കല്ലറയിലേക്ക് തിരിക്കുന്നതായിട്ടാണ് വിവരിച്ചിരിക്കുന്നത്. ഇരുവരും ഒന്നിച്ച് ഓടി. ചെറുപ്പക്കാരനായ മറ്റെ ശിഷ്യൻ വേഗത്തിൽ ഓടി കല്ലറയ്ക്കൽ എത്തിയെങ്കിലും കുനിഞ്ഞു നോക്കുക മാത്രമാണ് ചെയ്യുന്നത്. അകത്തു കടക്കാതെ പത്രോസിനെ കാത്തു നിൽക്കുന്നു. ശാന്തമായ എളിമയുടെ വിനയത്തിന്റെ ഒരു പ്രവർത്തനം.

പ്രിയപ്പെട്ട ശിഷ്യൻ, വിശ്വസ്തനായ ശിഷ്യൻ. ശ്ലീഹന്മാരിൽ തലവനും പ്രധാനിയുമായ പത്രോസിനെ ആദ്യം കല്ലറയ്ക്കൽ പ്രവേശിക്കുവാൻ അനുവദിക്കുന്നു. അവൻ പത്രോസിനെ വിധിക്കുന്നില്ല. അവൻ തന്റെ അധികാരിയാണ്. തങ്ങളുടെ മൂപ്പനാണ്. അവൻ തന്റെ വിശുദ്ധിയിൽ പത്രോസിനെ താങ്ങുന്നു. കാരണം പ്രധാനികൾക്ക് അതും ആവശ്യമാണ്. അവർക്ക് അധീനരുടെ സഹായം ആവശ്യമാണ്. യോഹന്നാൻ പത്രോസിനെക്കാൾ മുൻപേ ഓടി കല്ലറയ്ക്കൽ എത്തിയെങ്കിലും പത്രോസിന്റെ സ്ഥാനത്തെക്കുറിച്ച് ബഹുമാനിച്ച് മുന്നോട്ടു വിടുകയും ചെയ്യുന്ന ഉദാത്തമായ എളിമയുടെ എത്ര വലിയ മാതൃകയാണ് അവിടെ കാണിക്കുന്നത്. ഈ അവസരത്തിൽ പോലും തന്റെ പേര് ഒരിക്കൽ പോലും പറയുന്നില്ല. തന്റെ ഗുരുവിന്റെ കല്ലറ പരിശോധിക്കാൻ മുമ്പെ ഓടിയെത്തിയ ശിഷ്യനു സാധിക്കുമായിരുന്നു. പക്ഷേ പത്രോസിനാണ് അതിനുള്ള അധികാരവും മുൻഗണനയും അദ്ദേഹം നൽകുന്നത്. പത്രോസ് അകത്തു കയറി പരിശോധന കഴിഞ്ഞശേഷം യോഹന്നാനെ അകത്തേക്കു വരൂ. നമ്മുടെ ഗുരുവിനെ ഇവിടെ കാണ്മാനില്ല, അകത്തേക്കു വരൂ എന്ന് ക്ഷണിച്ചപ്പോൾ ആയിരിക്കണം യോഹന്നാൻ അകത്ത് കടന്നതും ഗുരു കബറിങ്കൽ ഇല്ല എന്ന് സത്യം തിരിച്ചറിയുന്നതും.

ഈ സംഭവം വിശദീകരിക്കുമ്പോഴും സ്വയം പേര് വെളിപ്പെടുത്തുന്നില്ല. എന്നാൽ ഇവിടെ യേശുവിനു പ്രിയനായ മറ്റെ ശിഷ്യനെന്ന ഒരു വെളിപ്പെടുത്തൽ നടത്തുന്നു. താൻ യേശുവിന് പ്രിയ ശിഷ്യൻ ആയിരുന്നു എന്ന ഒരു സത്യം അറിയിക്കുന്നു. അതുകൊണ്ടാണല്ലോ ഗുരു മാതാവിനെ തന്നിൽ ഭരമേല്പിച്ചത്.

തിബേരിയോസ് തടാകത്തിലെ അവസാന സംഭവം വിവരിക്കുമ്പോഴും യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോടു: തീരത്തു നില്ക്കുന്ന മനുഷ്യൻ കർത്താവാണെന്നു മനസ്സിലാക്കി "അത് കർത്താവ് ആകുന്നു" എന്നു പറയുന്നു. ഈ അവസരത്തിലും യേശു സ്നേഹിച്ച ശിഷ്യൻ എന്നാണ് യോഹന്നാൻ തന്നെക്കുറിച്ചു പറയുന്നത്.

അവനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും അവൻ സ്വയം താഴ്ത്തുന്നു. എന്നാൽ മാംസമായ ദൈവവചനത്തെ ദൈവീക പ്രഭയിൽ കൂടുതൽ പ്രശോഭിക്കുവാൻ സാധിക്കുന്ന അവസരമുണ്ടാകുമ്പോൾ എളിമയുടെ ആവരണം നീക്കി ഒരു രഹസ്യം അവൻ വെളിപ്പെടുത്തുന്നു.

യോഹന്നാൻ തന്റെ സുവിശേഷം അവസാനിപ്പിക്കുമ്പോൾ തന്റെ മരണത്തെക്കുറിച്ച് ഒരു വെളിപ്പെടുത്തൽ കൂടി നടത്തുന്നു. യോഹ. 21: 20–23 വരെ വാക്യങ്ങളിൽ ഇപ്രകാരം വിവരിക്കുന്നു. ‘‘പത്രോസ് തിരിഞ്ഞു യേശു സ്നേഹിച്ച ശിഷ്യൻ പിൻചെല്ലുന്നതു കണ്ടു; അത്താഴത്തിൽ അവന്റെ നെഞ്ചോടു ചാഞ്ഞു കൊണ്ടു: കർത്താവേ, നിന്നെ കാണിച്ചു കൊടുക്കുന്നവൻ ആർ എന്നു ചോദിച്ചതു ഇവൻ തന്നേ. അവനെ പത്രോസ് കണ്ടിട്ടു: കർത്താവേ ഇവന്നു എന്തു ഭവിക്കും എന്നു യേശുവിനോടു ചോദിച്ചു. യേശു അവനോടു: ഞാൻ വരുവോളം അവൻ ഇരിക്കേണമെന്നു എനിക്കു ഇഷ്ടം ഉണ്ടെങ്കിൽ അതു നിനക്കു എന്തു? നീ എന്നെ അനുഗമിക്ക എന്നു പറഞ്ഞു. ആകയാൽ ആ ശിഷ്യൻ മരിക്കയില്ല എന്നൊരു ശ്രുതി സഹോദരന്മാരുടെ ഇടയിൽ പരന്നു. യേശുവോ: അവൻ മരിക്കയില്ല എന്നല്ല, ഞാൻ വരുവോളം ഇവൻ ഇരിക്കേണം എന്നു എനിക്കു ഇഷ്ടമുണ്ടെങ്കിൽ അതു നിനക്കു എന്തു എന്നത്രേ അവനോടു പറഞ്ഞതു”.

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷം അവിടുത്തെ അപ്പോസ്തോലന്മാർ ലോകമെമ്പാടും സുവിശേഷം അറിയിച്ചു. ലോകം മുഴുവനെയും രക്ഷിക്കുവാൻ മനുഷ്യനായി അവതരിച്ച ദൈവപുത്രനായ ക്രിസ്തുവിനെ പ്രഘോഷിച്ചതിന്റെ പേരിൽ റോമാക്കാർ യോഹന്നാൻ ശ്ലീഹയെ ഒരു കൊളോസിയത്തിൽ കൊണ്ടുവരുകയും അദ്ദേഹത്തെ കൊന്നു കളയുന്നതിനുവേണ്ടി തിളച്ച എണ്ണയിൽ എറിയുകയും ചെയ്തു. എന്നാൽ യാതൊരു പരുക്കും ഏൽക്കാതെ അദ്ദേഹം അത്ഭുതകരമായി രക്ഷപ്പെട്ടതുകൊണ്ട് കൊളോസിയത്തിൽ സന്നിഹിതരായിരുന്ന മുഴുവൻ പേരും യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റു പറഞ്ഞ് ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു. പിന്നീട് ഗ്രീസിലെ പത്മോസ് ദ്വീപിലേക്കു നാടുകടത്തപ്പെട്ട വി. യോഹന്നാൻ ദൈവത്തിൽ നിന്നുള്ള വെളിപാട് സ്വീകരിച്ച് വി.വേദപുസ്തകത്തിലെ വെളിപാട് പുസ്തകം എഴുതി. കാലക്രമേണ എഫേസോസിൽ തിരിച്ചെത്തിയ അദ്ദേഹം എ.ഡി. 94 ൽ അവിടെ വെച്ച് സ്വാഭാവിക മരണം സ്വീകരിച്ചു.

യേശു ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ ശേഷം ലോകമെമ്പാടും ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിച്ച അപ്പോസ്തോലന്മാർ എല്ലാവരും വധിക്കപ്പെടുകയാണുണ്ടായത്. തല കീഴായി ക്രൂശിക്കപ്പെട്ടും, ശിരച്ഛേദനത്തിനിരയായും, കുന്തത്താൽ കുത്തേറ്റും, ഈർച്ച വാളിനാൽ അറക്കപ്പെട്ടും പലവിധ രീതികളിൽ കർത്താവിനായി വധശിക്ഷ ഏറ്റുവാങ്ങുകയായിരുന്നു. എന്നാൽ താൻ സ്നേഹിച്ച ശിഷ്യൻ യോഹന്നാന് മാത്രം സ്വാഭാവിക മരണമാണ് സംഭവിക്കുന്നത്. പത്രോസ് യോഹന്നാനെ ചൂണ്ടിക്കാണിച്ചു കൊണ്ട് ഇവന് എന്തു സംഭവിക്കും എന്ന ചോദ്യത്തിനുള്ള മറുപടിയിൽ നിങ്ങൾ എല്ലാവരും എനിക്കുവേണ്ടി വധശിക്ഷ അനുഭവിക്കേണ്ടിവരും എന്നാൽ ഇവന് സ്വാഭാവിക മരണമേ സംഭവിക്കു എന്ന ധ്വനിയായിരുന്നു യേശു യോഹന്നാനെക്കുറിച്ച് പറയുന്നതെന്ന് ചിന്തിക്കാം. അതുകൊണ്ടാണല്ലോ തിളച്ച എണ്ണയിൽ എറിഞ്ഞു കൊല്ലുവാൻ ശ്രമിച്ചിട്ടും യോഹന്നാൻ ശ്ലീഹാ അത്ഭുതകരമായി രക്ഷപെടുവാൻ ഇടയായത്. സഹോദരന്മാരുടെ ഇടയിൽ അവൻ മരിക്കുകയില്ല എന്ന ശ്രുതിയും അർത്ഥവത്താകുന്നു. മരിക്കയില്ല എന്നല്ല വധിക്കപ്പെടുകയില്ല എന്നതാണ് ശരിയെന്നും വ്യക്തമാകുന്നു.

തന്റെ പേരോ പ്രശസ്തിയോ ആഗ്രഹിക്കാതെ സ്വയം താഴാഴ്മയിലും വിനയത്തിലും മാതൃകയായി, യേശുവിന്റെ പ്രിയപ്പെട്ട ശിഷ്യനായി ജീവിച്ച യോഹന്നാന്റെ ജീവിത ശൈലി നമുക്കേവർക്കും മാതൃകയായിരിക്കട്ടെ. തന്റെ ഗുരുവിന്റെ ആജ്ഞ ശിരസ്സാ വഹിച്ച് മാതാവിനെ സ്വഭവനത്തിൽ ചേർത്തുകൊണ്ടതുപോലെ സന്മനസ്സുള്ള പ്രിയപ്പെട്ട ശിഷ്യരായി നമുക്കും ജീവിക്കാം. യോഹന്നാൻ ശ്ലീഹായുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ. ●

## വിവാഹ ധനസഹായ വിതരണം



ക്നാനായ കോൺഗ്രസ് റാന്നി സെന്റ് തോമസ് വലിയപള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ ഒരു പെൺകുട്ടിയുടെ വിവാഹ ധനസഹായം വിതരണം ചെയ്തു. സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, ഇടവക വികാരി റവ. ഫാ. രാജൻ ഏബ്രഹാം കുളമടയിൽ നിന്നും തുക ഏറ്റുവാങ്ങി. ക്നാനായ കോൺഗ്രസ് കേന്ദ്ര വൈസ് പ്രസിഡന്റ് കൊച്ചുമോൻ ഒറ്റതൈയ്ക്കൽ, ഇടവക സെക്രട്ടറി പ്രസാദ് സ്റ്റീഫൻ കാവുങ്കൽപുരയിൽ, മേഖല ട്രസ്റ്റി സെറിൻ പള്ളത്ര, മേഖല കമ്മിറ്റി അംഗം സജി ചെറിയമൂഴിയിൽ എന്നിവർ സന്നിഹിതരായിരുന്നു.

# കൊറോണയും ക്രൈസ്തവ ജീവിതവും

ലീലാമ്മ ഏബ്രഹാം പാലക്കുടി

(ദീപാങ്കുരം 2021 മത്സരം ഒന്നാം സമ്മാനാർഹമായ ലേഖനം)

ലോകത്തെ മുഴുവൻ കാർന്നുതിന്നുന്ന ഒരു മഹാമാരിയാണ് കോവിഡ്-19. ആയിരം വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന കൊറോണാ കുടുംബത്തിലെ 7-ാമത്തെ വൈറസ് വീണ്ടും 2020 ജനുവരി 1 ന് ചൈനയിൽ ആരംഭിച്ചു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ ഉണ്ടായിട്ടുപോലും ലോകം ഇത്രയും ഭയപ്പെട്ടിട്ടില്ല. സൂര്യന്റെ കിരണങ്ങൾ പോലെ ഇതിനും ഒരു വലയം ഉള്ളതുകൊണ്ട് കൊറോണ എന്ന പേരുണ്ടായി. ഈ മഹാമാരികൾ മിക്കതും മൃഗങ്ങളിൽ നിന്നാണ് മനുഷ്യനിലേയ്ക്ക് പകരുന്നത്. HIV, സിംഫാൻസിയും, എംഫോളയും, നിപ്പയും, കൊറോണയും, വവ്വാലുകൾ കൊണ്ടുവന്നു എന്ന് ശാസ്ത്രലോകം പറയുന്നു. ഈ വൈറസിന്റെയും രോഗം ബാധിച്ച മനുഷ്യന്റെയും ജനിതകഘടന തമ്മിൽ 99% സാമ്യമുണ്ട്. ഇവിടെയാണ് വുഹാൻ മാർക്കറ്റ് കഥയിലെ വില്ലനായി തീരുന്നത്.

1970 ൽ ചൈന നേരിട്ട കൊടും പട്ടിണിയാണ് ഈനാംപേച്ചി, പാമ്പ്, എലി എന്നീ ജന്തുക്കളെയും മൃഗങ്ങളെയും കൊന്നു വില്ക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചതെങ്കിൽ ആരോഗ്യപരിപാലനത്തിനും, ലൈംഗിക ഉത്തേജനത്തിനും ഉത്തമമാണ് ഇവയുടെ മാംസം എന്ന രീതിയിൽ ഇന്ന് ചൈനയിലെ വൻകിടക്കാരുടെ തീൻമേശയിലെ വിഭവമായി മാറിക്കഴിഞ്ഞു.

2003 ൽ ചൈനയിൽ ആരംഭിച്ച സാർക്ക് കൊറോണ 37 രാജ്യങ്ങളിൽ വ്യാപിച്ച് ആയിരക്കണക്കിന് ആളുകൾ മരിക്കുകയും ചെയ്തു. സാർക്ക് കൊറോണ കൊണ്ട് പാഠം പഠിക്കാത്തവർക്ക് പ്രകൃതി നൽകിയ അടുത്ത ശിക്ഷയാണ് കോവിഡ്-19. ഏകദേശം എട്ടുകോടി ജനങ്ങൾ രോഗികളാകുകയും 20 ലക്ഷത്തിൽ അധികം പേർ മരിക്കുകയും ചെയ്തു. യൂറോപ്യൻ രാജ്യങ്ങളിലും ദക്ഷിണാഫ്രിക്കയിലും ഷിഗല്ല എന്ന പേരിൽ അടുത്ത വില്ലൻ പ്രത്യക്ഷപ്പെട്ടു. ബഹറിനിലും, UK യിലും Vul,2020,12/01എന്ന പുതിയ വകഭേദം കണ്ടെത്തി. ഇത് കേരളത്തിലും എത്തിക്കഴിഞ്ഞു.

കൊറോണ വന്നവരുമായി സമ്പർക്കത്തിൽ ഏർപ്പെടാതിരിക്കുക, പുറത്തെ ഭക്ഷണം ഒഴിവാക്കുക, മാസ്ക് ധരിക്കുക, കൈവെള്ളയിൽ ചുമയ്ക്കാതിരിക്കുക, രോഗികളുമായി സമ്പർക്കത്തിൽ ഏർപ്പെട്ടവർ 14 ദിവസത്തിനകം, ജലദോഷം, ശ്വാസതടസ്സം ഇവയുണ്ടായാൽ 1056 നമ്പറിൽ വിളിച്ചറിയിക്കുക. ഇത്രയും ചെയ്താൽ രോഗത്തെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. വാക്സിൻ കണ്ടുപിടിച്ചതുതന്നെ വലിയ ഒരു നേട്ടമാണല്ലോ.

ക്രൈസ്തവ ജീവിതത്തിൽ കൊറോണ കൊണ്ട് ചില നന്മകളും ഉണ്ടായി, നഷ്ടപ്പെട്ടുപോയ കുടുംബ പ്രാർത്ഥനകൾ പുനരാരംഭിച്ചു. കുടുംബ ബന്ധങ്ങൾ കുറച്ചുകൂടി ദൃഢമായി. വിവാഹം, ശവസംസ്ക്കാരം, പെരുന്നാളുകൾ ഇവ ചിലവു ചുരുക്കിയും ആർഭാടങ്ങൾ കുറച്ചും നടത്താൻ പഠിച്ചു. അപകടമരണങ്ങൾ കുറഞ്ഞു. ദൈവാലയങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയെങ്കിലും ഓൺലൈൻ വഴി വീട്ടിലിരുന്ന് ആരാധനയിൽ സംബന്ധിക്കാൻ സാധിക്കുന്നു.

1. ക്രിസ്തു കേന്ദ്രീകൃത ജീവിതമാണ് ക്രൈസ്തവ ജീവിതം. അത് സന്തോഷം മാത്രം തരുമെന്നോ പൂമെത്തയിൽ കിടക്കാമെന്നോ മോഹിക്കരുത്.

2. സഹനം നിറഞ്ഞ ജീവിതമാണ് ക്രൈസ്തവ ജീവിതം. കഷ്ടത സഹിഷ്ണുതയേയും, സഹിഷ്ണുത സിദ്ധതയേയും, സിദ്ധത പ്രത്യാശയേയും ഉളവാക്കുമെന്നാണ് പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത്. മുൾമെത്തയിലെ കിടപ്പും കുരിശു ചുമക്കലുമാണ് ഇതിലൂടെ ലഭിക്കുക. സുഖദുഃഖ മിശ്രിതമാണ് ക്രൈസ്തവ ജീവിതം. വിയർപ്പുതുള്ളികൾ രക്തത്തുള്ളികളായി മാറിയപ്പോഴും ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന യേശുവാണ് സഹന ജീവിതത്തിൽ നമ്മുടെ മാതൃക.

സഹനത്തെപ്പറ്റി ഇപ്രകാരം ഒരു കഥയുണ്ട്. വഴിയരികിൽ കിടക്കുന്ന രണ്ടുകല്ലുകൾ തമ്മിൽ നമുക്കു എന്തെങ്കിലും ആയിത്തീരണമെന്നു പറയുന്നത് ഒരു ശില്പി കേട്ടു. നിങ്ങളെ ഞാൻ ഒരു നല്ല ശില്പമാക്കി തീർക്കാമെന്ന് ശില്പി പറഞ്ഞു. ആ നിമിഷം മുതൽ ശില്പി തന്റെ ഉളിയെടുത്ത് ഒന്നാമത്തെ കല്ലിൽ കൊത്തുതുടങ്ങി. ഏതാനും ദിവസമായപ്പോൾ കയ്യിൽ വഴങ്ങാതെ കല്ലു പുളയുവാൻ തുടങ്ങി. ശില്പി ആ കല്ലു മാറ്റി വച്ച് രണ്ടാമത്തെ കല്ലെടുത്ത് പണി തുടങ്ങി. ശില്പി ഉളികൊണ്ട് ആഞ്ഞടിക്കുന്നു. ഓരോ വേദനയും സഹിച്ച് രണ്ടാമത്തെ കല്ല് നല്ലൊരു ശില്പമായി ത്തീർന്നു. ഈ ശില്പത്തെ ആളുകൾ ആരാധിക്കാൻ തുടങ്ങി. അങ്ങനെ ആ ശില്പത്തെ ഒരു ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. പുറത്തു കിടക്കുന്ന ഒന്നാമത്തെ കല്ല് ക്ഷേത്രത്തിൽ വരുന്നവർ തേങ്ങാ ഉടയ്ക്കാൻ ഉപയോഗിച്ചു. ഈ ചെറിയ കഥയിൽ നിന്നും വിളിച്ചറിയിക്കുന്ന വലിയൊരു സത്യമുണ്ട്. മഹാശില്പിയായ ദൈവത്തിന്റെ കയ്യിൽ എന്നാണോ നമ്മെ മുറിപ്പെടാൻ വിട്ടുകൊടുക്കുന്നത് ആ സമയം മുതൽ നാം വിലപ്പെട്ട ഒരു വ്യക്തിയായി മാറും.

3. കൂദാശാനുഷ്ഠിത ജീവിതമായിരിക്കണം ഓരോ ക്രൈസ്തവ ജീവിതവും. നോമ്പ്, പ്രാർത്ഥന, ഉപവാസം, വചന ധ്യാനം, വി.കുർബ്ബാന സ്വീകരണം എന്നിവ അനുഷ്ഠിച്ച് നിത്യതയിൽ ചെന്നുചേരുമെന്നുള്ള പ്രത്യാശയിൽ ജീവിക്കണം.

4. ദൈവത്തിൽ അടിയുറച്ചു വിശ്വാസമുള്ളവരായിരിക്കണം ഓരോ ക്രൈസ്തവരും. കൊറോണ വന്നാലും, മഹാമാരി വന്നാലും ഭയപ്പെടരുത്. സർവ്വശക്തനും, സൃഷ്ടാവും, അത്യുന്നതനുമായ ഒരു ദൈവം ലോകാവസാനത്തോളം എല്ലാ നാളും കൂടെ ഇരിയ്ക്കാമെന്ന് പറഞ്ഞിട്ടുണ്ട്.

> "വിശ്വസ്തേ സഭയെ ഭയമെന്തി -
> ന്നുള്ളിൽ ക്ലേശം ലേശം വേണ്ടാ
> അപരനെ നീ മോഹിക്കാത്തതിനാൽ -
> നിന്നെ ഞാനും കൈവെടികില്ല
> ലോകത്തിന്നവസാനത്തിൽ-
> പാരും വാനുമഴിഞ്ഞാലും വാഴും
> നീയാപത്തെന്യേ"

വിവാഹ കൂദാശയിൽ ഇപ്രകാരം പാടുന്നുണ്ടല്ലോ. പിന്നെ എന്തിനു ഭയപ്പെടണം. പത്രോസിന്റെ കരം പിടിച്ച് കടലിന്മീതെ നടന്ന ദൈവം 2020 ൽ കൊറോണയുടെ മദ്ധ്യത്തിലും നമ്മെ നടത്തി. ആ ദൈവം 2021 ലും നമ്മെ നടത്തുമെന്ന് ഉറച്ചു വിശ്വസിക്കുക. എബ്രാ.11 ൽ വിശ്വാസ വീര

*(ശേഷം പേജ് 22-ൽ)*

# സത്യത്തിന്റെ മുഖം വികൃതമോ?

റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ തിരുവൻവണ്ടൂർ

പരസ്പരം സദാ കലഹിച്ചുകൊണ്ടിരുന്ന ദമ്പതികളായിരുന്നു അവർ എന്ന് ഞാൻ അറിഞ്ഞത് വൈകിയാണ്. എന്റെ സായാഹ്ന സവാരിക്കിടെ, സ്ഥിരമായി ഞാൻ കണ്ടുമുട്ടിയിരുന്നു. മാതൃകാദമ്പതികൾ എന്ന് ഞാൻ കരുതിയിരുന്ന അവർ, വളരെ പക്വതയുള്ളവർ എന്നു ഞാൻ കരുതിയിരുന്നു. ഭൂമിയിൽ സ്വർഗ്ഗം തീർത്ത തിരുകുടുംബം എന്നൊക്കെ ഞാൻ എന്റെ കുടുംബത്തിൽ അവരെപ്പറ്റി വിശേഷിപ്പിച്ചിരുന്നു. സൗമ്യമായ ഇടപെടൽ, വിനയം നിറഞ്ഞ സംസാര ശൈലി, ലാളിത്യം ഇവ ഒക്കെ അവരിൽ എടുത്തുകാട്ടാൻ കഴിയുന്ന പ്രത്യേകതകളായി ഞാൻ കണ്ടിരുന്നു. പരസ്പര ബന്ധങ്ങൾ കുറേക്കൂടി ഗാഢവും ഊഷ്മളവുമാക്കാൻ അവർ, എന്നെ അവരുടെ വീട്ടിലേയ്ക്ക് ഇടയ്ക്ക് ക്ഷണിക്കാറുണ്ടായിരുന്നു, ആ വഴിയിൽ എനിക്ക് പോകേണ്ട ആവശ്യങ്ങൾ ഒന്നും തന്നെ വന്നിരുന്നില്ല എന്ന കാരണം തന്നെ, അവരുടെ ക്ഷണം സ്വീകരിച്ച് അവിടേയ്ക്ക് കടന്നു ചെല്ലാൻ പലപ്പോഴും എനിക്ക് കഴിഞ്ഞിരുന്നില്ല. ഉച്ച തിരിഞ്ഞ നേരത്ത് ഒരു ദിവസം അവരുടെ ഭവനത്തിലേയ്ക്ക് കടന്നു ചെല്ലുകയും, അവർക്കൊപ്പം അന്നത്തെ നടത്തം പൂർത്തീകരിക്കുകയും ചെയ്യാം എന്നു കരുതി ഞാൻ അവരുടെ വീട് ലക്ഷ്യമാക്കി നടന്നു; വീടിന്റെ ഗേറ്റിൽ എത്തിയപ്പോൾ വീടിനുള്ളിൽ വലിയ ശബ്ദകോലാഹലങ്ങൾ ശ്രദ്ധയിൽപ്പെട്ടു. വീട്ടിലേയ്ക്ക് കയറണോ? മടങ്ങി പോകണോ? എന്ന ചിന്ത മനസ്സിന്റെ തുലാസ്സിന്റെ രണ്ടു തട്ടിൽ ബലപരീക്ഷണം നടത്തിയപ്പോൾ, ഒടുവിൽ കയറാം എന്ന തീരുമാനം ഉള്ളിൽ സമ്മതം തന്നു. മാതൃകാ ദമ്പതികളാകുമ്പോൾ അവരുടെ ഇടയിൽ കലഹത്തിനുള്ള സാധ്യത തുലോം കുറവാകും എന്നും, പിന്നീടുള്ള സാധ്യത വീട്ടുജോലിക്കാരിയുമായി വല്ല ഈശാപോശയും ആകാം എന്നു കരുതി, രണ്ടും കല്പിച്ച് കോളിംഗ് ബെൽ അമർത്തി. വാതിൽ തുറക്കപ്പെട്ടു, അന്തരീക്ഷം ശാന്തമായി, തുടർന്ന് ഒരു സ്ത്രീ ശബ്ദം, ആരെ കണ്ടപ്പോഴാ ഇതിയാന്റെ നാവ് താഴ്ന്നു പോയത്? ഒന്നും പറയേണ്ട സുഹൃത്തെ, ഇത് ഇവളുടെ സ്ഥിരം സ്വഭാവമാ, തൊട്ടതിനും പിടിച്ചതിനും കലഹം. താൻ കയറിച്ചെന്ന സമയവും, സന്ദർഭവും തീരെ ശരിയായില്ല എന്ന് എനിക്ക് തോന്നി എങ്കിലും, അവരിലെ ശരിയായ വ്യക്തിത്തത്തെ മനസ്സിലാക്കാൻ അവസരമായല്ലോ എന്നോർത്ത് ഞാൻ ആശ്വസിച്ചു. അപ്രതീക്ഷിതമായി കടന്നു ചെന്ന എന്നെ കണ്ട അവരുടെ ജാള്യത മാറ്റാൻ ഒരു ശ്രമം എന്നവണ്ണം ഞാൻ പറഞ്ഞു, ഇണങ്ങിയും, പിണങ്ങിയും, കലഹിച്ചും ഒക്കെയാണല്ലോ കുടുംബ ജീവിതം മുമ്പോട്ടുപോകുക, ചട്ടീം കലവും ഒക്കെ ആകുമ്പോൾ തട്ടിയെന്നും, മുട്ടിയെന്നുമിരിക്കും സാരമില്ല. അതല്ല സഹോദരാ ഇങ്ങേര് എന്നെ കുറ്റപ്പെടുത്താത്തതോ, കുറവുകൾ പരിശോധിക്കാത്തതോ ആയ ഒറ്റദിവസംപോലും എന്റെ ജീവിതത്തിൽ ഇന്നോളം ഉണ്ടായിട്ടില്ല, എന്തിനും ഏതിനും ശകാരം, ശാരീരികമായും മാനസികമായും പീഡിപ്പിക്കാത്ത ദിവസങ്ങൾ ഇല്ല, എല്ലാം ഞാൻ സഹിക്കുന്നത് ഈ കുഞ്ഞിനുവേണ്ടി, ഇവൾക്കുവേണ്ടി മാത്രം. ജീവിതം തന്നെ ദുസ്സഹമായിരിക്കുന്ന ആ സ്ത്രീ എന്റെ മുമ്പിൽ വിതുമ്പി. ഒന്നും പറയണ്ട സഹോദര! ഇവൾ ഈ മൂധേവിയ്ക്ക് അനുസരണ എന്നത് അയലത്തുകൂടി പോലും പോയിട്ടില്ല, മറ്റൊരാൾക്കു മുമ്പിൽ പങ്കുവയ്ക്കാൻ കഴിയാത്തവിധം സ്വഭാവ വൈകല്യങ്ങൾ വേറെ, ഞാനും ഇവളെ സഹിക്കുന്നത് ഈ കുഞ്ഞിന്റെ ഭാവിയെ ഓർത്തു മാത്രം. ഇവരുടെ ഇടയിൽ വീർപ്പുമുട്ടിക്കഴിയുന്ന ഒരു കുട്ടിയേയും ഞാൻ അവിടെ കണ്ടു. നിസ്സഹായതയുടെ പര്യായമായി ഒരു പെൺകുട്ടി. പരസ്പരം ചെളിവാരിയെറിയുന്ന സംഭാഷണം അവസാനിപ്പിക്കാൻ പറഞ്ഞുകൊണ്ട് ഞാൻ ആ വീടുവിട്ടിറങ്ങി. ഇത്രമേൽ സന്തോഷമുള്ളവരായി ഞാൻ വഴിയിൽ കണ്ടിരുന്നത് ഇവരെ തന്നെയായിരുന്നോ എന്നോർത്ത് മൂക്കത്തു വിരൽവച്ചുപോയി. ക്രൈസ്തവ ദമ്പതികളായിരുന്നു അവർ എന്നത് എന്നെ വല്ലാതെ വേദനിപ്പിച്ചു. ദൈവം ഭരമേല്പിക്കുന്ന കടമകൾ നിറവേറ്റാൻ കഴിയാത്തതും, പരസ്പരം സ്നേഹിക്കുവാനും, വിട്ടുവീഴ്ചകൾക്ക് തയ്യാറാകാൻ കഴിയാത്തതും, ബന്ധങ്ങൾ ശിഥിലമാകാൻ പലപ്പോഴും കാരണമാകുന്നു. മാതൃകാ ദമ്പതികൾ എന്നു ഞാൻ കരുതിയിരുന്ന അവരെ അടുത്തറിഞ്ഞപ്പോൾ മാത്രമാണ് അവരുടെ പൊയ്മുഖം അനാവരണമായത്. പലപ്പോഴും നേർക്കാഴ്ചകൾ നമ്മെ അമ്പരപ്പിക്കുന്നു. ദൂരെ നിന്നുമുള്ള കാഴ്ചകൾ മിക്കപ്പോഴും അവ്യക്തങ്ങളായിരിക്കും, പലർക്കും വീട്ടിൽ ഒരു മുഖം, സമൂഹത്തിൽ മറ്റൊരു മുഖം അതാണ് സത്യം. പരസ്പരം ബഹുമാനിച്ചും, ഞാൻ കുറഞ്ഞ്, അവൻ വളരണം എന്ന ചിന്ത നമ്മെ ഭരിക്കുകയും ചെയ്യുമ്പോൾ നമുക്ക് പലതിനും, പലർക്കും മാതൃകയാകാൻ കഴിയും. വിവാഹ സമയത്ത് ദൈവം ഭരമേല്പിക്കുന്ന ചുമതലകൾ മറക്കുമ്പോഴും ഉള്ളിൽ ഞാനെന്ന ഭാവം അങ്കുരിക്കുമ്പോഴും പ്രശ്നങ്ങൾ താനെ ജീവിതത്തിൽ തലപൊക്കിത്തുടങ്ങും. എന്നെ അഭിമുഖീകരിക്കാൻ ആ ദമ്പതികൾക്ക് കഴിയാത്തതാകാം. തുടർന്നുള്ള എന്റെ സായാഹ്ന യാത്രയ്ക്കിടെ ഒരിക്കൽ പോലും പിന്നീട് ഞാനവരെ കണ്ടിട്ടില്ല.

## കൊറോണയും ക്രൈസ്തവ ജീവിതവും

*(പേജ് 21 തുടർച്ച)*

ന്മാരുടെ ഒരു നിര തന്നെ ഉണ്ട്. ആ പിതാക്കന്മാർ ഉയർപ്പിലും നിത്യ ജീവനിലും വിശ്വാസമർപ്പിച്ച് പോരാടി ജീവിച്ചു. അവർ സഹനം ചോദിച്ചു വാങ്ങിയിരുന്നു. അവരുടെ രക്തം സഭയ്ക്ക് വളമായിത്തീർന്നു.

5. സമർപ്പണം, വിധേയത്വം, അനുസരണം ഇവ ക്രൈസ്തവ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകങ്ങളാണ്. നസ്രേത്തിലെ കുടുംബവും, അബ്രഹാമിന്റെ കുടുംബവും മാതൃകയായി എടുക്കാം. മാതാവും, സാറായും ഭർത്താക്കന്മാർക്ക് കീഴ്പെട്ടും, വിധേയപ്പെട്ടും ആണ് ജീവിച്ചിരുന്നത്.

ക്രിസ്തു കാണിച്ചുതന്നതുപോലെ എല്ലാവരേയും സ്നേഹിച്ചും പരസ്പരം ക്ഷമിച്ചും എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചും ജീവിക്കുന്നതാണ് യഥാർത്ഥ ക്രൈസ്തവ ജീവിതം.

# ഭവനദാനത്തിലൂടെ കാരുണ്യ സ്പർശത്തിന്റെ ഉദാത്ത മാതൃകയായി ശ്രീ. ബാബു പട്ടുകാലായിലും സഹധർമ്മിണിയും

തമ്പാൻ തോമസ് കോളഭാഗത്ത്

ആലംബഹീനരായ സാധുക്കൾക്കും, സഹായം അർഹിക്കുന്ന മറ്റ് വ്യക്തികൾക്കും കുടുംബങ്ങൾക്കും കഴിഞ്ഞ അനേകം വർഷങ്ങളായി സഹായഹസ്തം നീട്ടി കൊടുക്കുന്നതിൽ സായൂജ്യം കണ്ടെത്തുന്ന രണ്ട് വ്യക്തികൾ ആണ് ശ്രീ. ബാബു ഏബ്രഹാമും. ശ്രീമതി റൂബി ഏബ്രഹാം പട്ടുകാലായിലും (ബഹറിൻ). ശ്രീമതി റൂബി ഏബ്രഹാം സീതത്തോട് മുള്ളാനിയിൽ കുടുംബാംഗമാണ്.

വള്ളംകുളം സെന്റ് ജോർജ് ക്നാനായപള്ളി ഇടവകയിൽപ്പെട്ട ശ്രീ. ജോയി ഏബ്രഹാമിനും കുടുംബത്തിനും വേണ്ടി മനോഹരമായ ഒരു ഭവനം ഇവർ നിർമ്മിച്ചു നൽകി. പ്രസ്തുത ഭവനത്തിന്റെ താക്കോൽ 2021 ആഗസ്റ്റ് മാസം 18-ാം തീയതി ശ്രീ. ബാബു ഏബ്രഹാമിന്റെ പിതാവിൽ നിന്നും ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഔദ്യോഗികമായി ഏറ്റുവാങ്ങി പ്രാർത്ഥാപൂർവ്വം തുറന്നു കൊടുത്തു കൊണ്ട് അഭി. പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൂദാശ ചെയ്യപ്പെട്ടു.

ക്നാനായ സമുദായത്തിന്റെ വികാരി ജനറാൾ റവ. ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ, വള്ളംകുളം സെന്റ് ജോർജ് ക്നാനായ പള്ളി വികാരി റവ. ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ, റവ. ഫാ. ലിജോ ഏലിയാസ് ജോസഫ് പട്ടുകാലായിൽ റവ. ഫാ. ഷിജു തോമസ് കല്ലേലിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

കല്ലിശ്ശേരി മേഖലയുടെ അഭി. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയും റാന്നി മേഖലയുടെ അഭി. കുറിയാക്കോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയും ഈ ഭവനം സന്ദർശിച്ച് ആശീർവദിച്ചു.

ഭവന കൂദാശയ്ക്ക് ശേഷം അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നടത്തിയ പ്രസംഗത്തിൽ ശ്രീ. ബാബു ഏബ്രഹാം പട്ടുകാലായിലും കുടുംബവും ക്നാനായ സമുദായത്തിലെ അനേകം വ്യക്തികൾക്കും കുടുംബങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും നിർലോഭമായി ചെയ്തു തന്നിട്ടുള്ള സാമ്പത്തിക സഹായങ്ങളെക്കുറിച്ച് ഈ സമുദായം നന്ദിപൂർവ്വം സ്മരിക്കുന്നതായി പ്രസ്താവിച്ചു. ദാനധർമ്മം ചെയ്യുന്തോറും പ്രിയ ബാബുവിന് പ്രതീക്ഷിക്കാത്ത അനേകം സാമ്പത്തിക നേട്ടങ്ങൾ ലഭിച്ചിട്ടുള്ളതായി അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ടെന്നും, ഇതെല്ലാം ഒരു ദൈവാനുഗ്രഹം ആയി അദ്ദേഹം കാണുന്നു എന്നും, ദാനധർമ്മം ചെയ്തത് നിമിത്തം അദ്ദേഹത്തിന്റെ സമ്പത്തിന് കുറവൊന്നും വന്നുപോയിട്ടില്ലെന്നും, ഇത് പൊതുസമൂഹത്തിലെ മറ്റുള്ളവർക്കും നല്ലൊരു മാതൃകയാണെന്നും പ്രത്യേകം എടുത്തു പറഞ്ഞു. തിരുമേനിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം വൈദികനായിരുന്ന സമയത്ത് വള്ളംകുളം സെന്റ് ജോർജ് ക്നാനായ പള്ളിയുടെ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ബാബു പട്ടുകാലായുടെ പിതാവ് കുട്ടച്ചൻ ഏബ്രഹാമിനേയും മാതാവ് തങ്കമ്മ ഏബ്രഹാമിനെയും അന്നു മുതലേ നേരിട്ട് അറിയാമായിരുന്നുവെന്നും ആ കുടുംബത്തിന് എല്ലാവിധ അനുഗ്രഹങ്ങളും നേരുന്നു എന്നു സന്തോഷത്തോടെ പറയുകയുണ്ടായി.

ചടങ്ങിൽ സംബന്ധിച്ച സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാമിന്റെ ആശംസാ പ്രസംഗത്തിൽ മനോഹരമായ ഈ ഭവനം നിർമ്മിച്ചു നൽകിയ ശ്രീ. ബാബു ഏബ്രഹാം പട്ടുകാലായിൽ ക്നാനായ സമുദായത്തിന് അഭിമാനമാണെന്നും, സമുദായത്തിലെ പാവപ്പെട്ടവരെ അകമഴിഞ്ഞു സഹായിക്കുന്ന വ്യക്തിയാണെന്നും കോവിഡ് കാലത്ത് സമുദായത്തിലെ ബഹു. വൈദികർക്കും, മുഖ്യ ശുശ്രൂഷകർക്കും, ബഹു സുവിശേഷകർക്കും, അർഹരായ മറ്റു പലർക്കും കൊടുത്ത കൈത്താങ്ങിന് ബാബുവിനോടും കുടുംബത്തോടുമുള്ള ക്നാനായ സമുദായത്തിന്റെ പേരിലുള്ള നന്ദിയും അഭിനന്ദനവും അറിയിച്ചു. റവ.ഫാ. ലിജോ ഏലിയാസ് ജോസഫ് പട്ടുകാലായിൽ വന്നു ചേർന്ന എല്ലാവർക്കും നന്ദി പ്രകാശനം നടത്തി. ക്നാനായ കോൺഗ്രസ് മുൻ ജനറൽ സെക്രട്ടറി ഡോ. റീബു കണ്ണൻകേരിൽ, കോൺട്രാക്ടർ സണ്ണി മലയശ്ശേരിൽ എന്നിവരും ഈ ചടങ്ങിൽ സംബന്ധിച്ചിരുന്നു.






റവ. ഫാ. ബിനു മാത്യു, പയ്യനാട്ട് പുതുച്ചിറ

## സ്ലീബാ പെരുന്നാളിനു ശേഷം 1–ാം ഞായർ
### വി. മർക്കോസ് 13:30–17

വി. ഏവൻഗേലിയോനിലെ പ്രതിപാദ്യ വിഷയം കർത്താവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റിയാണ്. ഒരു സത്യ വിശ്വാസിയുടെ ആത്മീയ ജീവിതത്തിന്റെ അടിസ്ഥാന ഘടകവും, പ്രത്യാശയും കർത്താവിന്റെ രണ്ടാമത്തെ വരവിനായുള്ള കാത്തിരിപ്പും അതിനുശേഷമുള്ള നിത്യജീവന്റെ പ്രത്യാശയുമാണ്. അതുകൊണ്ടാണല്ലോ വി. കുർബ്ബാനയിൽ ഇപ്രകാരം നാം ഏറ്റു പറയുന്നത്, "കർത്താവേ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും, നിന്റെ പുനരുത്ഥാനത്തെ ഞങ്ങൾ ഏറ്റു പറയുകയും നിന്റെ രണ്ടാമത്തെ വരവിനായി ഞങ്ങൾ നോക്കി പാർക്കുകയും ചെയ്യുന്നു എന്ന്."

നമ്മുടെ ആത്മീയ ജീവിതത്തിൽ അതിനുള്ള ഒരുക്കം എപ്പോഴും ആവശ്യമാണ്. കള്ളൻ എത് യാമത്തിൽ വരുമെന്ന് നിശ്ചയമില്ലാത്തതുപോലെയാണ് കർത്താവിന്റെ വരവ്. അർദ്ധരാത്രിയിലോ കോഴി കൂകുമ്പോഴോ ഏത് യാമത്തിൽ വരുമെന്ന് അറിഞ്ഞുകൂടാത്തതിനാൽ ഉണർന്നിരിപ്പിൻ (മർക്കോ.13:35) ലോത്തിന്റെ കാലത്ത് അഗ്നിയും ഗന്ധകവും ഇറങ്ങി സോദോം, ഗോമോറോ പട്ടണങ്ങളെ നശിപ്പിച്ചതുപോലെ അതു പെട്ടെന്ന് സംഭവിക്കും. നോഹയുടെ കാലത്ത് ജനങ്ങൾ എല്ലാം അശ്രദ്ധരായി തിന്നും കുടിച്ചും ദൈവഭയമില്ലാതെ ജീവിച്ചു.

പ്രളയം വന്ന് പെട്ടന്ന് എല്ലാവരെയും മൂടിക്കളഞ്ഞു. അപ്രകാരം കർത്താവിന്റെ രണ്ടാമത്തെ വരവും പെട്ടെന്ന് സംഭവിക്കും.

ആയതിനാൽ പ്രിയമുള്ളവരെ ബുദ്ധിയില്ലാത്ത കന്യകമാരെപ്പോലെ നമ്മൾ ആയിരിക്കരുത്. യജമാനൻ വരാൻ താമസമുണ്ട് എന്നു പറഞ്ഞ് തന്റെ കൂട്ടുകാരെ അടിക്കുവാനും, മദ്യപന്മാരോടുകൂടി തിന്നു കുടിക്കുവാനും തുടങ്ങിയ ദാസന്മാരെപോലെ നമ്മൾ ആകരുത്. 32–ാം വാക്യത്തിൽ കർത്താവു തന്നെ പറയുന്നു ആ നാളിനെക്കുറിച്ചോ, നാഴികയെക്കുറിച്ചോ ആരും അറിയുന്നില്ല സ്വർഗ്ഗത്തിലെ ദൂതന്മാർപോലും അറിയുന്നില്ല, മനുഷ്യപുത്രനും അറിയുന്നില്ല. സ്വർഗ്ഗത്തിലെ പിതാവല്ലാതെ ആരും അറിയുന്നില്ല. എന്നാൽ അതിന്റെ സൂചനകളും മുൻകുറികളും കാണുമ്പോൾ നമ്മൾ ഗ്രഹിക്കണം. അത്തി തളിർക്കുമ്പോൾ വേനൽ വരുമെന്ന് പറയുന്നതുപോലെ ആ കാലത്തിന്റെ ലക്ഷണങ്ങൾ കണ്ട് നമ്മൾ തിരിച്ചറിയണം. മനുഷ്യ പുത്രനുപോലും ആ നാളിനെപ്പറ്റി അറിഞ്ഞുകൂടാ, ഈ കാലഘട്ടത്തിൽ മനുഷ്യർ തമ്മിൽ ഉള്ള സ്നേഹം കുറഞ്ഞുപോവുകയും, മനുഷ്യർ സ്വാർത്ഥരും, തന്നിഷ്ടക്കാരും, വമ്പു പറയുന്നവരും ആയി തീരുമ്പോൾ ഇതൊക്കെയും കർത്താവിന്റെ രണ്ടാമത്തെ വരവു ആഗതമായി എന്നുള്ളതിന്റെ ലക്ഷണമാണെന്ന് ഗ്രഹിക്കുവാൻ നമുക്ക് സാധിക്കണം. കർത്താവ് വരുന്നതെപ്പോഴെന്നോ നമ്മുടെ മരണം എപ്പോഴെന്നോ നിശ്ചയമില്ലാത്തതിനാൽ നമ്മുടെ ജീവിതം ദൈവഹിതപ്രകാരം ക്രമീകരിച്ച് നമ്മൾ ജീവിക്കണം. ജീവിതത്തിൽ കുടിശ്ശികകളായി പാപങ്ങളും, തെറ്റും, വഴക്കും, അധർമ്മവും കാണരുത്. എത്രയും വേഗം ഓരോരുത്തരും താന്താന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും വഴക്കുകൾ പറഞ്ഞു തീർക്കുകയും ഏറ്റു പറഞ്ഞ് പാപമോചനം പ്രാപിച്ച് ഒരുങ്ങിയിരിക്കുകയും വേണം. കർത്താവ് രണ്ടാമത് വരുവാൻ താമസമുണ്ട് അതിനകം ഒരുങ്ങികൊള്ളാമെന്നോ, എനിക്ക് ആയുസ്സ് ഇനിയും ധാരാളമുണ്ട് അതിനകം ഒരുങ്ങി കൊള്ളാമെന്നോ ചിന്തിച്ച് ജീവിതം അലക്ഷ്യമായി ജീവിക്കുന്നവർ കർത്താവ് വരുമ്പോൾ പരിഭ്രാന്തരായി പരക്കം പായും. അന്ന് കൂട്ടുകാരന് നിന്നെ സഹായിക്കുവാൻ കഴിയില്ല. ബന്ധുമിത്രാദികൾക്ക് നിന്നെ തുണയ്ക്കാൻ സാധിക്കുകയില്ല, നീ സമ്പാദിച്ചതിന് മുഴുവൻ നിന്നെ സഹായിക്കുവാൻ കഴിയില്ല.

അവനവന്റെ പുണ്യ പ്രവർത്തികളും, അനുതാപവും, ഉപവാസവും, നോമ്പും, ദാനധർമ്മങ്ങളും, മറ്റുള്ളവർക്കു വേണ്ടി ചെയ്ത നിസ്വാർത്ഥസേവനവും, നമ്മൾ കൈകൊണ്ട വി. കൂദാശകളും വി. കുർബ്ബാനയും നമുക്ക് അന്ന് സ്വർഗ്ഗത്തിലേക്കുള്ള കപ്പൽ ആയി തീരും. അർദ്ധരാത്രിയിൽ മണവാളൻ വന്നപ്പോൾ വിളക്കിൽ എണ്ണയൊഴിച്ച് കാത്തിരുന്ന കന്യകമാരെപ്പോലെ നമ്മൾ സുകൃതങ്ങളാകുന്ന എണ്ണയൊഴിച്ച് നമ്മുടെ ആത്മാക്കൾ ആകുന്ന വിളക്ക് തെളിച്ച് മണവാളനാകുന്ന കർത്താവിനെ എതിരേൽക്കാൻ കാത്തിരിക്കണം.

ആകയാൽ പകലുള്ളപ്പോൾ ജോലി ചെയ്തുകൊള്ളണം, രാത്രിവരും അപ്പോൾ ജോലി ചെയ്യുവാൻ സാധ്യമല്ലാതെ വരും. ജാഗ്രതയുള്ളവർ ആയിരിപ്പിൻ, ഒരുക്കത്തോടെയിരിപ്പിൻ.

## സ്ലീബാ പെരുന്നാളിനു ശേഷം 2–ാം ഞായർ

പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ചമാവിനെ സൂക്ഷിച്ചു കൊള്ളണം എന്നുള്ള കർത്താവിനെ ഉപദേശത്തെപ്പറ്റിയാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. വി. സുവിശേഷങ്ങളിൽ രണ്ടു തരം പുളിപ്പിനെപ്പറ്റി സൂചിപ്പിക്കുന്നു. ഒന്നാമത് ജീവന്റെ പുളിപ്പ്, പുളിപ്പുള്ള അപ്പത്തിന്റെ തിരുനാൾ ദിനമായ പെസഹാ ദിവസം നമ്മുടെ കർത്താവ് പുളിപ്പുള്ള അപ്പം എടുത്ത് തന്റെ ശരീരരക്തമാക്കി വ്യത്യാസപ്പെടുത്തി പരിശുദ്ധ സഭയ്ക്ക് നൽകി. ആത്മാവാണ് പരി. സഭയുടെ നിത്യജീവന്റെ യാത്രാ ഭക്ഷണം.

രണ്ടാമത്. വേദവിപരീതമാകുന്ന പുളിച്ച ഉപദേശം. ഭൂമിയിലെ കർത്താവിന്റ സഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഇതാണ്. അനേകം ദുരുപദേശങ്ങൾ സഭയുടെ സത്യവിശ്വാസത്തെ നശിപ്പിക്കുവാൻ തക്കവണ്ണം പൊട്ടിമുളയ്ക്കുന്ന ഒരു കാലഘട്ടത്തിൽ ആണ് നാം ജീവിക്കുന്നത്.

ഇതാണ് പരിശുദ്ധ പൗലോസ്ശ്ലീഹാ പറഞ്ഞിട്ടുള്ളത്. "പല തരമുപദേശങ്ങളഹോ പാരിൽ മുളച്ചു പരക്കുന്നു" എന്ന് പരീശ സാദൃക്യ വിഭാഗങ്ങളുടെ പുളിച്ച മാവിനെപോലെ സഭയ്ക്കുള്ളിൽ പ്രചരിക്കുന്ന പുളിച്ച ഉപദേശങ്ങൾ തിരിച്ചറിഞ്ഞ് ജീവിക്കുവാൻ നമുക്ക് സാധിക്കണം.

### സ്ലീബാ പെരുന്നാളിനു ശേഷം 3-ാം ഞായർ

ഒരു ശാബത്തിൽ യേശുവിന്റെ ശിഷ്യന്മാർ വിളഭൂമിയിൽകൂടി പോകുമ്പോൾ കൈകൊണ്ട് കതിർ പറിച്ചിട്ട് കൈയിലിട്ട് തിരുമ്മിത്തിന്നതിനെ വിമർശിക്കുന്ന പരീശന്മാരെ ഇവിടെ കാണാം. ഈ വിമർശകരായ പരീശന്മാരെ വിമർശിച്ചിട്ട് ശാബത്തിന്റെ ഉടയവനായ മനുഷ്യപുത്രൻ പറയുകയാണ് ശാബത്ത് മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ് മനുഷ്യൻ ശാബത്തിനുവേണ്ടിയല്ല എന്ന്. കതിർ പറിച്ചത് കൊയ്ത്തും പറിച്ച കതിർ കൈയ്യിലിട്ട് തിരുമ്മിയത് മെതിയായും വ്യാഖ്യാനിക്കുന്ന പരീശരുടെ പൊള്ളയായ ആത്മീയതയും ധാർമ്മിക മൂല്യച്യുതിയും കർത്താവ് പുഛിക്കുകയാണ്. ഇതുപോലെയാണ് നമുക്ക് ചുറ്റുമുള്ള നവീന പരീശവിഭാഗങ്ങൾ. അവർ പരിശുദ്ധ സഭയുടെ വിശ്വാസ ആചാരങ്ങളെ നികൃഷ്ടമായി വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യും. അതുകൊണ്ടാണ് സഭ ഇപ്രകാരം പ്രാർത്ഥിക്കുന്നത്. "കർത്താവെ അവസാനംവരെ വേദവിപരീതങ്ങളായ വിരുദ്ധതകളിൽനിന്ന് നിന്റെ പരിശുദ്ധ സഭയെ കാക്കണം" എന്ന് അതുകൊണ്ട് സഭയുടെ വിശ്വാസത്തിലും ആചാര അനുഷ്ഠാനങ്ങളിലും സംശയം ഉണ്ടാകുമ്പോൾ സ്വയം വിലയിരുത്തലുകൾ നടത്താതെ പുരോഹിതന്മാരെ സമീപിച്ച് സംശയനിവാരണം വരുത്തി മുമ്പോട്ടു പോകുവാൻ ശ്രമിക്കണം.

### സ്ലീബാ പെരുന്നാളിനു ശേഷം 4-ാം ഞായർ

രണ്ട് യജമാനന്മാരെ സേവിപ്പാൻ കഴിവുള്ള ഒരു ദാസനുമില്ല. എന്തെന്നാൽ അവൻ ഒന്നുകിൽ ഒരുവനെ സ്നേഹിക്കും മറ്റവനെ ദ്വേഷിക്കും. അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കും അപരനെ അപമാനിക്കും. നമ്മുടെ ആത്മീയ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാന നിലവാരമാണ് കർത്താവ് ഇവിടെ സൂചിപ്പിക്കുന്നത്. ഇന്ന് ഒരു പാട് നവീന സഭാവിഭാഗങ്ങൾ സ്വാർത്ഥ താല്പര്യത്തിനു വേണ്ടി ഉയർന്നു വരുമ്പോൾ ഒരു സത്യവിശ്വാസി സഭയിൽ നിൽക്കുകയും എന്നാൽ അതൊടൊപ്പം താൽക്കാലിക താൽപര്യത്തിനുവേണ്ടിയുള്ള വിഭാഗങ്ങളിൽ ചേർന്നു പോവുകയും ചെയ്യുമ്പോൾ അവൻ സത്യത്തെ അപമാനിക്കുകയും അസത്യത്തെ ബഹുമാനിക്കുകയും ചെയ്യുകയാണ്. ഇന്ന് അനേകരെ അങ്ങനെ നമുക്ക് കാണാൻ സാധിക്കും. അതാണ് കർത്താവ് പറയുന്നത് "ദൈവമോ നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെ മുമ്പിൽ ഉന്നതമായത് ദൈവമുമ്പാകെ നിന്ദ്യമാകുന്നു" (ലൂക്കോ. 16:16) ഒരു യഥാർത്ഥ സത്യ സഭാവിശ്വാസി ഇരട്ടത്താപ്പ് ഉള്ളവൻ ആയിരിക്കരുത്. അങ്ങനെയുള്ളവനെ ദൈവം നിന്ദ്യമായി എണ്ണുന്നു. അതുകൊണ്ട് നമ്മുടെ ആത്മീയ ജീവിതത്തിൽ വിശ്വസ്തരായി ജീവിക്കുവാൻ നമുക്ക് സാധിക്കണം. കർത്താവിന്റെ തിരുശരീര രക്തങ്ങൾ ഉൾക്കൊള്ളുന്ന പരിശുദ്ധ സഭയിൽ നാം ജീവിക്കുമ്പോൾ ആ വിശ്വാസത്തിൽ അടിയുറച്ച് ജീവിക്കുന്നവരായി ദൈവത്തിന് നമ്മേ കാണുവാൻ സാധിക്കട്ടെ. അപ്പോൾ ആണ് നല്ലവരും വിശ്വസ്തനുമായ ദാസാ എന്ന വിളിക്ക് നമ്മൾ അർഹരായിത്തീരുന്നത്. ●

# എവിടെ നിന്റെ 'ബുൾഗാൻ താടി'? എവിടെ നിന്റെ ലിപ്സ്റ്റിക്ക്

**ജോസഫ് തോമസ്, തുണ്ടിയിൽ, കറ്റോട്**

മനുഷ്യൻ സാമ്പത്തികമായി ഉയരുകയും സമ്പത്ത് വർദ്ധിക്കുകയും ചെയ്തപ്പോൾ ദൈവ ത്തെ മറന്നു. അഹങ്കാരം കൂടി. ഈ ലോക സുഖങ്ങളെ തേടിപ്പോയി. ഇതെല്ലാം കണ്ട് ദൈവം തമ്പുരാൻ ഓരോ ബാധ ഇറക്കാൻ തുടങ്ങി. ചിക്കൻ ഗുനിയ മുതൽ കുറെ വൈറസുകളെ ഭൂമിയിലേക്ക് വിട്ടു. അനേകർ മരിക്കുകയും അനേകർ രോഗികൾ ആകുകയും ചെയ്തു. അപ്പോഴേക്കും പാട്ടും പ്രാർത്ഥനയും ആരാധനയും തുടങ്ങി. മനുഷ്യൻ നന്നാകുന്നുണ്ടെന്നു തോന്നിയ ദൈവം തമ്പുരാൻ വൈറസിനെ പിൻവലിച്ചു. കാലം കുറെ കടന്നുപോയി, മനുഷ്യരെല്ലാം പഴയപടി. ദൈവം തമ്പുരാൻ ഇതുകണ്ട് വളരെ ദുഃഖിനായി. അറ്റ കൈയ്ക്ക് 'കൊറോണ' എന്ന ഒരു വൈറസിനെ ഭൂമിയിലേക്ക് അയച്ചു. ഭൂലോകത്തെ മുഴുവൻ കീഴടക്കിക്കൊണ്ട് കൊറോണ ശക്തി പ്രാപിച്ചു. ലക്ഷക്കണക്കിനു ആളുകൾ മരിച്ചുവീണു, ലക്ഷങ്ങൾ രോഗാവസ്ഥയിലുമായി. ആരും ആരെയും തിരിഞ്ഞു നോക്കാനില്ല. അത്ഭുത രോഗശാന്തി നടത്തിയവരെല്ലാം മാളത്തിൽ ഒളിച്ചു. ബുൾഗാൻ താടിവച്ച് സമൂഹത്തിൽ വിലസി നടന്ന പുരുഷന്മാരും ലിപ്സ്റ്റിക്ക് പുരട്ടിനടന്ന സ്ത്രീകളും മാസ്ക്ക് എന്ന് തുണിസഞ്ചിയാൽ മൂടപ്പെട്ടു.

ജെസിബിക്ക് വലിയ കുഴികൾ എടുത്ത് ടിപ്പർ ലോറിയിൽ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞു വരിഞ്ഞു മുറുക്കി ലോഡ് കണക്കിനു മൃതദേഹങ്ങൾ കുഴിയിലേക്ക് മറിച്ചിട്ട് മണ്ണിട്ടു മൂടി. ആരൊക്കെ ആണെന്ന് ആർക്കും അറിയില്ല. ഒരു ശവസംസ്ക്കാര ശുശ്രൂഷയും നടന്നില്ല. ബന്ധുമിത്രാദികൾ ആരും കാണാൻപോലും വന്നില്ല. ഇപ്പോഴും കൂട്ടമരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ ദൈവത്തെ വിളിയും പ്രാർത്ഥനയും ഒക്കെ നടക്കുന്നുണ്ട്. സ്വർഗ്ഗത്തിൽനിന്നും നടപടി ഒന്നും ആയിട്ടില്ല.

സഹോദരാ! ഇനിയെങ്കിലും നീ മടങ്ങിവരുക. ഇപ്പോൾ മാസ്ക്കൊണ്ട് വായും മൂക്കും മാത്രമെ മൂടിയിട്ടുള്ളു. കൂടുതൽ നിഗളിച്ചാൽ നിന്റെ തല മുഴുവനും മൂടുന്ന അവസ്ഥ വരും. കാഴ്ചക്ക് രണ്ട് കിഴുത്തമാത്രം. ആ രംഗം ഒന്നോർത്തു നോക്കൂ. ആരും ആരേയും അറിയില്ല. ഒരുത്തന്റെയും തൊപ്പി ആരും കാണില്ല.

ഒരു മനുഷ്യന്റെ വയറ്റിൽ നാല് ഇനം വിരകൾ ഉണ്ട്. റൗണ്ട് വേം, വിപ്പ്വേം, ഹുക്ക്വേം, ത്രെഡ് വേം എന്നിവ. ഇവയ്ക്കെല്ലാം തമ്പുരാൻ വയറ്റിൽ ഓരോ റൂട്ട് നിശ്ചയിച്ചിട്ടുണ്ട്. നാല് വിരകളും പല വലിപ്പത്തിലുള്ളതാണ്. ഒരു വിരയ്ക്ക് മറ്റൊന്നിന്റെ പാതയിൽ കടക്കാൻ പ്രയാസമാണ്. നീ കല്ല്യാണത്തിനും മറ്റു വിശേഷങ്ങൾക്കും പോകുവാൻ പട്ടുസാരിയും, സൂട്ടും കോട്ടും ഇട്ട് പുറപ്പെടാൻ തുടങ്ങുമ്പോഴായിരിക്കും നിന്റെ വയറ്റിലെ ഒരു വിര റൂട്ട് തെറ്റിച്ച് മറ്റവന്റെ പാതയിലേക്ക് നുഴഞ്ഞു കയറാൻ ശ്രമിക്കുന്നത്. നീ വയറുവേദന എടുത്ത് അലറി വിളിച്ച് ധരിച്ചതെല്ലാം വലിച്ചൂരി ടോയിലറ്റിലേക്ക് ഓടും. നീ അട്ട ചുരുളുന്നതുപോലെ വേദനകൊണ്ട് ചുരുളും. ഒന്നു മനസ്സിലാക്കിക്കോ, ഒരു വിര വിചാരിച്ചാൽ മുട്ടു കുത്തുന്നവനാണു മനുഷ്യർ. അത്രേയുള്ളു മനുഷ്യന്റെ കാര്യം. അതുകൊണ്ട് ദൈവത്തെ വിളിച്ച് കല്പനകൾ പ്രമാണിച്ച് നടന്നാൽ നിനക്ക് കൊള്ളാം. ●

# "ഓ! അങ്ങനെയോ"

അഞ്ചു ലിജോ (MSW) ഇളവൻകളം, വാലടി

ഒരിക്കൽ ഒരു സന്ന്യാസി ഗ്രാമത്തിലെ കുടിലിൽ ജീവിച്ചിരുന്നു. നിർമ്മലവും ലളിതവുമായ ജീവിതരീതി മൂലം ജനങ്ങൾ അദ്ദേഹത്തെ ആദരിച്ചിരുന്നു. ആ ഗ്രാമത്തിലെ ഒരു വ്യാപാരിയുടെ അവിവാഹിതയായ മകൾ ഗർഭിണിയായി. കുഞ്ഞിന്റെ അച്ഛനാരാണെന്ന് ആദ്യമൊന്നും പറയാൻ അവൾ കൂട്ടാക്കിയില്ല. വീട്ടുകാരുടെ നിർബന്ധം കൂടിയപ്പോൾ കുഞ്ഞിന്റെ പിതാവ് സന്ന്യാസിയാണെന്ന് അവൾ പറഞ്ഞു. യുവതിയുടെ പിതാവ് സന്ന്യാസിയെ ശകാരിച്ച ശേഷം പറഞ്ഞു. "എന്റെ മകളുടെ മാനം കെടുത്തിയ നിങ്ങൾ തന്നെ അവളുടെ കുഞ്ഞിനെയും വളർത്തണം."

അതു കേട്ട് യാതൊരു ക്ഷോഭമോ, ലജ്ജയോ കൂടാതെ അദ്ദേഹം പറഞ്ഞു "ഓ! അങ്ങനെയോ" മകൾ പ്രസവിച്ച ഉടനെ ആ വ്യാപാരി കുഞ്ഞിനെ കൊണ്ടുവന്നു സന്ന്യാസിയെ ഏൽപ്പിച്ചു.

ഇതെല്ലാം കണ്ടും കേട്ടും നാട്ടുകാർ അദ്ദേഹത്തെ വെറുക്കുകയും, അപമാനിക്കുകയും ചെയ്തു. പക്ഷെ അദ്ദേഹം അതൊന്നും ഗൗനിച്ചില്ല. അദ്ദേഹം ആ കുഞ്ഞിനെ സ്വന്തമെന്നപോലെ സ്നേഹിച്ചു വളർത്തി. ഒരു വർഷം ഇങ്ങനെ കഴിഞ്ഞു. താൻ പറഞ്ഞ കളവിന്റെ പേരിൽ സന്ന്യാസി അപമാനിതനാകുന്നതിൽ പശ്ചാത്താപം തോന്നിയ യുവതി തന്റെ കുഞ്ഞിന്റെ അച്ഛൻ സന്ന്യാസിയല്ലെന്നും, അയൽപക്കത്തെ ഒരു യുവാവാണെന്നുമുള്ള വാസ്തവം തുറന്നു പറഞ്ഞു.

ഉടൻ വ്യാപാരി സന്ന്യാസിയെ കണ്ട് ക്ഷമ ചോദിച്ചു. "അങ്ങയെ സംശയിക്കുകയും, അപമാനിക്കുകയും ചെയ്ത ഞങ്ങളോട് ക്ഷമിക്കണം. കുഞ്ഞിനെ ഞങ്ങളിതാ കൊണ്ടുപോകുന്നു."

അപ്പോഴും സന്ന്യാസി പറഞ്ഞത്. "ഓ! അങ്ങനെയോ" എന്നു മാത്രമാണ് ഈ ലോകത്തിലെ പ്രശ്നങ്ങൾക്കൊന്നും സ്പർശിക്കാൻ കഴിയാത്ത ശാന്തിയുടെ ഉറവിടമാണ് നമ്മുടെയുള്ളിലെ ആത്മ ചൈതന്യം. ആത്മ സാക്ഷാത്കാരം ലഭിച്ചവർക്ക് തങ്ങളിൽനിന്നും ഭിന്നമായി യാതൊന്നുമില്ല. അവർ സർവ്വചരാചരങ്ങളിലും പരമാത്മാവിനെ ദർശിച്ച് സകലരെയും സ്നേഹിക്കുകയും, സേവിക്കുകയും ചെയ്യുന്നു. അവർ ഏതു സാഹചര്യത്തെയും സമഭാവനയോടെ സ്വീകരിക്കുന്നു.

ജീവിതത്തിന്റെ ഉയർച്ച താഴ്ചകളിൽ അസ്വസ്ഥരാകാതെ എപ്പോഴും സന്തോഷവും സംതൃപ്തിയും അനുഭവിക്കുവാൻ 'ആത്മധ്യാനം' നമ്മെ സഹായിക്കുന്നു. ജീവിതത്തിന്റെ സ്വഭാവമാണ് സന്തോഷവും, ദുഃഖവും, രോഗവും, സൗഖ്യവും സമ്പത്തും, ദാരിദ്ര്യവും, ലാഭവും നഷ്ടവുമൊക്കെ എന്നു തിരിച്ചറിഞ്ഞ് അവയെ സമഭാവനയോടെ സ്വീകരിക്കുക.

മറ്റു മനുഷ്യരുടെ വിശ്വാസവും, കൈയ്യടിയും അവർ തരുന്ന സ്വഭാവ സർട്ടിഫിക്കറ്റുമല്ല നമ്മുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കേണ്ടത്. തെറ്റിദ്ധാരണകളും, സാഹചര്യങ്ങളും അനുസരിച്ച് അതൊക്കെ മാറിമറിയും. അവനവന് തന്നോടു തന്നെ തോന്നുന്ന വിശ്വാസവും, സ്നേഹവുമാണ് സ്ഥിരമായ സത്യം. അതുള്ളിലെ ദൈവചൈതന്യത്തെ പുറത്തു കൊണ്ടുവന്ന് ആത്മവിശ്വാസവും, ധൈര്യവും വർദ്ധിപ്പിക്കുന്നു.

ഏതു പ്രതികൂല സാഹചര്യങ്ങളിലും, തെളിവുകൾപോലും എതിരാകുമ്പോഴും, നിശ്ചയ ദാർഢ്യത്തോടെ, ആത്മവിശ്വാസത്തോടെ, ഇടറാതെ, പതറാതെ, പരിശുദ്ധാത്മാവിൽ ഉറച്ചുനിന്ന് അവനവന്റെ സത്യം കണ്ടെത്തുവാനുള്ള ചങ്കുറ്റം കാണിക്കണം. എത്ര മൂടിവെച്ചാലും, ആരൊക്കെ എതിർത്താലും സത്യം ഒരിക്കൽ പൂർണ്ണ ബലത്തോടെ പുറത്തുവരും. അതിനു മറഞ്ഞിരിക്കുവാനാകില്ല. ഏതു പ്രതികൂല സാഹചര്യങ്ങളിലും അവനവന്റെ നിഷ്കളങ്കതകളിൽ രസിക്കുവാൻ സാധിക്കണം. അപ്പോൾ സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോഴും ജീവിതം ഒരു ആഘോഷമാകും.

**ഓ! അങ്ങനെയോ?**

എന്ന പരിശുദ്ധനായ സന്ന്യാസിയുടെ പവിത്രമായ ചോദ്യവും, ആ ചോദ്യത്തിന്റെ ഉത്തരം മറ്റുള്ളവരിൽ തനിയെ തെളിയുവാൻ അദ്ദേഹം നയിച്ച സൗമ്യതയും, എളിമയും നിഷ്കളങ്കവും, ശാന്തവും സാവകാശവുമായ ജീവിതവും ഒരു വലിയ മാതൃകയാണ്. മറ്റുള്ളവരുടെ അഭിപ്രായങ്ങളിലും, ആക്രോശങ്ങളിലും കല്ലേറുകളിലും തളരാതെ തന്റെയുള്ളിലെ ആത്മാവിനെ തിരിച്ചറിഞ്ഞ്, രുചിച്ചറിഞ്ഞ് വിശ്വസിച്ചു. ആ ആത്മവിശ്വാസത്തെ തകർക്കുവാൻ ലോകത്തൊരു ശക്തിക്കും കഴിയുകയില്ല.

## അറിയിപ്പ്

**പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,**

ബഹുമാനപ്പെട്ട ഇളവൻകളം ജയ്സൺ സ്കറിയ അച്ചന്റെ ആകസ്മിക നിര്യാണത്തിൽ ക്നാനായ കമ്മിറ്റിയുടെ അഗാധമായ ദുഃഖം അറിയിക്കുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട അച്ചന്റെ കുടുംബത്തെ കരുതുവാൻ ക്നാനായ സമുദായത്തിന് കടപ്പാട് ഉണ്ട്.

ആയതിലേക്ക് അഭിവന്ദ്യ സേവേറിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി സമുദായ മെത്രാപ്പോലീത്താ സേവേറിയോസ് തിരുമേനിയുടെയും, വൈദിക ട്രസ്റ്റിയുടേയും, വികാരി ജനറാളിന്റെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിക്കുകയും സമുദായത്തിന്റെ ആദ്യ ഗഡുവായി ഒരു ലക്ഷംരൂപ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

അക്കൗണ്ട് ഡീറ്റെയിൽസ് താഴെ ചേർക്കുന്നു;

**Mor Severios Kuriakose & Fr.V.A.Abraham,**
**Fr.Monai K Philip**
**Ac.No.0764053000002957**
**IFSC.SIBL0000764**

South Indian Bank Chingavanam branch, Chingvanam 686531

സ്വദേശത്തും വിദേശത്തുമുള്ള ദേവാലയങ്ങളും സമുദായ സ്നേഹികളും ഈ സംരംഭത്തിൽ പങ്കു ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ അക്കൗണ്ടിൽ വരുന്ന പണം ഫിക്സഡ് ഡിപ്പോസിറ്റ് ആയി അച്ചന്റെ മക്കളുടെ പേരിൽ നിക്ഷേപിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചു കൊണ്ട് നിർത്തുന്നു.

ക്നാനായ കമ്മിറ്റിക്കുവേണ്ടി സമുദായ സെക്രട്ടറി,
റ്റി. ഒ. ഏബ്രഹാം, തോട്ടത്തിൽ

# വിവാഹിതരായി



കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായപള്ളി ഇടവകയിൽ താഴത്തേടത്തുപറമ്പിൽ സജി റ്റി.കെ.യുടെയും ജയമോൾ സജിയുടെയും മകൻ **ജിത്തു സജിയും** ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ തെക്കേമഠത്തിൽ ഏബ്രഹാം സ്കറിയായുടെയും ലിസ്സി ഏബ്രഹാമിന്റെയും മകൾ **നിത മേരി ഏബ്രഹാമും** തമ്മിലുള്ള വിവാഹം 19-08-2021-ൽ അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായപള്ളിയിൽ നടത്തപ്പെട്ടു.


## 1-ാം ചരമവാർഷികം

**14-09-2021**



Advt -S

## ശോശാമ്മ കോര

### താഴത്തേടത്തുപറമ്പിൽ, കുറിച്ചി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2021-ൽ LIC MDRT പദവിയും പ്രീമിയം കോടിപതിയും കരസ്ഥമാക്കി



MDRT

LIC

भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA

## സജി റ്റി.കെ.


**താഴത്തേടത്തുപറമ്പിൽ, കുറിച്ചി, ഫോൺ. 9447212555**

E-mail: sajitk444@gmail.com

**ഈ വിജയം കരസ്ഥമാക്കാൻ സഹായിച്ച പോളിസി ഹോൾഡേഴ്സിനോടും ഓഫീസർമാരോടും ഓഫീസ് സ്റ്റാഫിനോടും നന്ദി രേഖപ്പെടുത്തുകയും മൺമറഞ്ഞുപോയ എൽ.ഐ.സി. മാനേജർ ശ്രീ. മുരളി സാറിനെ സ്മരിക്കുകയും ചെയ്യുന്നു.**

Advt -S





# 50th Wedding Anniversary

08-09-2021

Chev. Zachariah Kuriakose (Skariakutty) & Ammalukutty
Alunmkal House, SH Mount Po. Kottayam.

Home parish: St.George Valiyapally, Neelamperoor.



*Thank you Lord for all Blessings*

## പ്രശസ്ത വിജയം നേടി
## Medicine പഠനത്തിനായി
## Cambridge University – യിലേക്ക്



Congratulation to
Neha Abraham,
D/o M. Abraham Kurian (Shaji)
Mrs. Ani Abraham,
Thyparambil house,
Venpala, Thiruvalla for achieving four A+ in A level exam and getting admission in Cambridge University for studying medicine.
She is a member of St. George Knanaya Church,
Manchestar, UK.
Olivia Abraham (Sister)

Home Parish: St. George Knanaya Church, Venpala, Thiruvalla
With best Compliments from
Thyparambil Family, Venpala
and Pulletu Family, Eraviperoor

Advt - S

## First Death Anniversary
**10-9-2021**




## P. A. Mathews
**Kannathumuriyil, Bangalore**

**28-03-1936 to 10-09-2020**

**Gone from this Earth, but forever in our thoughts.**
**Fondly remembered by sorrowing family**

Advt - O

## 40 – ാം ചരമദിനം
**23 – 09 – 2021**



## കെ. എം. തോമസ്സ് (കുഞ്ഞപ്പൻ)
**കറുകേലിൽ, തിരുവൻവണ്ടൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

Advt -O

## 1st Death Anniversary
**07 – 09 – 2021**



## Annamma Abraham
**Valuparambil, Thiruvanvandoor**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ* Bangalore

Advt -O

## വേർപാടിന്റെ 1 – ാം വാർഷികം

11 – 09 – 2021



Advt - O

### ബിജി സണ്ണി


പാലപ്പള്ളിൽ (വാലുപറമ്പിൽ), കുറ്റൂർ

Deep in Our Hearts You'll Always Stay.
Loved and Missed Everyday

By Sorrowing Family

## 40 – ാം ചരമദിനം

19 – 09 – 2021



### P.K. Joseph

പഴയകളം, നീലംപേരൂർ, ചെന്നൈ (Chennai)

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## വേർപാടിന്റെ 8 – ാം വാർഷികം

10-09-2021



Advt -R

### സോജി ജെയ്ക്കബ്

തേമ്പാറ, കുറിച്ചി

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 24 – ാം ചരമ വാർഷികം

14 – 09 – 2021



Advt - R

### സിൽജി മോൾ

D/o സാബു & കുഞ്ഞുമോൾ

പുറയാറ്റ്, കുഴിമറ്റം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി

**സാബു & കുഞ്ഞുമോൾ**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 10–ാം ചരമവാർഷികം

09–09–2021





# Col. M. K. Abraham

## (Thankachen)

### മൂഴിപ്പെരുമേത്ത്, ഐത്തല, റാന്നി

**“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ”**

ഭാര്യ: Saramma Abraham (Molly),
മക്കൾ: Sunu Joseph, Col. Vinoo Abraham, Anu James
മരുമക്കൾ: A/Com. Joseph Manacherry, Lesya Vinoo,
Brigadier Jim James

സന്തപ്ത കുടുംബാംഗങ്ങൾ

## 50–ാം ചരമവാർഷികം

10–09–2021



Advt -R

# N. Uthuppan

(Depot Officer, FACT Central Depot, Changanacherry.)

**Pazhayakalam Neisseril, Kurichy**

**“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ’**

സന്തപ്ത കുടുംബാംഗങ്ങൾ

## 4th Death Anniversary

27–09–2021



Advt - O

# Abin Abraham

## Elayasseril, Kuttoor, Thiruvalla

**"You will live forever in our heart's"**

**By Loving Family**

## 42–ാം ചരമവാർഷികം

24–09–2021

## 22–ാം ചരമവാർഷികം

11–05–2021





## പി.സി. ആൻഡ്രൂസ്

(ക്നാനായ അസ്സോസിയേഷൻ മുൻ സെക്രട്ടറി 1935–52)

## പി.സി. അന്നാമ്മ

(റിട്ട. ഗവ. എൽ.പി. സ്കൂൾ ഹെഡ്മിസ്ട്രസ്സ്)


### പുതിയമഠം, കുറിച്ചി

സന്തപ്ത മക്കൾ: Late ബേബി പുന്നൂസ്, കുന്നുപറമ്പിൽ
Late സി.എ.ജോർജ്ജ്, ചേരിയിൽ
ചാണ്ടി ആൻഡ്രൂസ്, പൂമംഗലം
സി.എ. സ്കറിയാക്കുട്ടി, കനകഗിരി
ജോളി തങ്കച്ചൻ കുര്യക്കൽ, കല്ലിശ്ശേരി

Advt - R

40 – ാം ചരമദിനം

24 – 09 – 2021



Advt - O

# T.A. Joseph

**Thamarappallil, Kallissery**

നല്ല ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാം

മാളിയേക്കൽ കുടുംബാംഗങ്ങൾ

5 – ാം ചരമവാർഷികം

16 – 09 – 2021



Advt - O


# Aleykutty Mathew

**Puthenparampil, Chingavanam**

*സന്തപ്ത കുടുംബാംഗങ്ങൾ*

1-ാം ചരമവാർഷികം

08-09-2021



Advt - R

# പുന്നൂസ് തോമസ്

**ഇടയാടിയിൽ**

പേട്ട, തിരുവനന്തപുരം

സന്തപ്തകുടുംബാംഗങ്ങൾ

40 – ാം ചരമദിനം

23 – 09 – 2021



Advt - O

# ഗ്രേസിക്കുട്ടി ഏബ്രഹാം (66)

**ആയിരം തൈയ്ക്കൽ, വാകത്താനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## വേർപാടിന്റെ 5-ാം വാർഷികം

24-10-2021



## കെ.എ. ജോസഫ്

(ജോസുകുട്ടി)

മണിമലപാറയിൽ, ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 2-ാം ചരമവാർഷികം

23-09-2021



## Chacko M.S.

കാവനാൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 5-ാം ചരമ വാർഷികം

23-09-2021



## അമ്മിണി മാത്യു (മറിയാമ്മ)

നടുവിലേപറമ്പിൽ, കോട്ടയം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 1-ാം ചരമ വാർഷികം

22-09-2021



## കെ.എം. മാത്യു (അനിയൻ)

കൊച്ചാലമുറ്റത്ത്, മഞ്ഞാടി, കറ്റോട്, തിരുവല്ല

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 3 – ാം ചരമവാർഷികം
**20 – 09 – 2021**



Advt -S

## കുരുവിള തോമസ് (ബേബി)
## (Rtd. CRPF)
**താമല്ലിൽ ഹൗസ്, തിരുവൻവണ്ടൂർ**

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5 – ാം ചരമവാർഷികം
**22 – 09 – 2021**



Advt - S

## തോമസ് ചെറിയാൻ (ബാബു)
**കോയിക്കൽ, അങ്ങാടി, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 11 – ാം ചരമവാർഷികം
**02 – 09 – 2021**



Advt -S

## കുര്യൻ ഇട്ടിയവിര (ബേബി കുര്യൻ)
**കല്ലൻകുന്നിൽ, വള്ളംകുളം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 6 – ാം ചരമവാർഷികം
**17- 09 -2021**

## 24 – ാം ചരമവാർഷികം
**30- 12 -2021**





## മേരിക്കുട്ടി തോമസ്

## കെ. റ്റി. തോമസ്

**കണ്ണന്താനത്ത്,**
**പഴവങ്ങാടി, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt - S

*സന്തപ്ത കുടുംബാംഗങ്ങൾ*

## 28th Death Anniversary

06-03-2021



## M.O. Markose (മർക്കോച്ചൻ)

## 1st Death Anniversary

22-09-2021



Advt - O

## Achamma Markose (Ammini)

**Manimala Parayil, Chingavanam**

"നിത്യതയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## ഒന്നാം ചരമവാർഷികം

06-09-2021



Advt -O

## ഏലിയാമ്മ ചാക്കോ

(**W/o Late.** എം. ഒ. ചാക്കോ, Rtd. Telephone)

**എരുത്തിപ്പാട്ട്, ഇരവിപേരൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2nd Death Anniversary

30-09-2021



Advt -O

## പുന്നൂസ് മാത്യു (കുട്ടച്ചൻ) (Rtd. DTO)

**നെടുങ്ങാട്ടേത്ത്, അടൂർ**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

## 1 –ാം ചരമവാർഷികം

**25-09-2021**



## Achamma Abraham

**(Achammakutty)**

**W/o Late T.A. Abraham**

**Thodathil Malayil (H), Thuruthikadu**

By Sorrowing Family

Advt -S

## 40th Day of Demise

27-09-2021



## JOSE THOMAS (75)

**Kunnumpurathu House, Kattachira P.O., Kidangoor, Ettumanoor, Kottayam**

**29/07/1946 - 18/08/2021**

By Sorrowing Family

Advt -O



## 40th Day of Demise

14-09-2021

## Mariamma Philip

**(W/o Late P.Philip)**

**Vadamattam, Valayil, Iranjal**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Sorrowing Children

Kunjumol & Late P.K. Elias, Puthiyaparampil, Chingavanam

Susan & Late P.O. Joseph, Cheruvattackattu, Ranni

Beena & Sunny, Mootharyasseril, Nattassery

Jolly & Raju Pullattu, Chingavanam

Elsa & Chikku, Kalisseril, Chingavanam

Daisy & Benny, Anickal, Vakathanam

George & Suja, Meleparambil, Ranni

Grand Children & Great Grand Children

Advt - O

## 19 – ാം ചരമവാർഷികം

**12-09-2021**



## മാത്യു ജേക്കബ് (തങ്കച്ചൻ)

കാളിശ്ശേരിൽ, ചിങ്ങവനം

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 40 – ാം ചരമദിനം

**26 – 09 – 2021**



## മിനി തോമസ്സ്

ഈശ്വരൻപറമ്പിലായ കാട്ടുപറമ്പിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 1st Death Anniversary

**25 – 08 – 2021**



## N.P. Kurian

(Kunjikuttan)

## 28th Death Anniversary

**14 – 07 – 2021**



## Kunjamma Kurian

**Naicheril House, Kottayam**

**"Till we meet on that beautiful shore"**

*Inserted by Sorrowing family..*

Advt -R

## ഒന്നാം ചരമവാർഷികം

**12-09-2021**



## ബിനുമോൻ കെ. (ജോജി)

**കണ്ണോത്ത്, കുന്നങ്കരി**

(പ്രധാന ശുശ്രൂഷകൻ, വെളിയനാട് സെന്റ് മേരീസ് ബേത്‌ലഹേം പള്ളി)

**"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

## മൂന്നാം ചരമവാർഷികം

**11- 09 -2021**



## M.P.KURIAN

**മംഗലത്ത്, ഇരവിപേരൂർ**

**"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 3 – ാം ചരമവാർഷികം

**11 – 9 – 2021**



## M. C. ഉണ്ണിട്ടൻ (ബേബി)

**മുട്ടാണിശ്ശേരിൽ, മഴുക്കീർ**


